(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

VII. നിയമ നിർമ്മാണ കാര്യം

(1) 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ

വനവ്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. പി.ജെ. ജോസഫ്: സർ, ഇതിനെക്കുറിച്ച് കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ഇത് വളരെ ലളിതമായ അമെൻറുമെൻറുകളും ഉള്ള ഒരു ബില്ലാണ്. ഇതു പാസ്സാക്കിത്തരണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഒരു ചോദ്യം. സെൻട്രൽ ഗവൺമെൻറിന്റെ 1985–ലെ അക്വിസിഷൻ അമൻറ്മെൻറ് ആക്ട് ഇവിടെ നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ഇവിടെ നടപ്പിലാക്കികഴിഞ്ഞു.

Shri. M.V. Raghavan: Sir, I move that the Land Acquisition (Kerala Amendment) Bill, 1985 as reported by the Subject Committee be circulated for obtaining public opinion.

സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഈ ഭേദഗതി വളരെ ചെറുതാണ്. സെക്ഷൻ നാലിൽ ഗവൺമെൻറിനു മുൻപുണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോൾ ബോർഡിനും അതുപോലെതന്നെ കളക്ടർക്കുംകൂടി കൈമാറുകയാണ്. ലാൻറ് അക്വിസിഷൻ വളരെവേഗം ഉണ്ടാക്കാൻ ഫലപ്രദമായി നടപടിയാവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു, ലാൻറ് അക്വിസിഷൻ നീണ്ടുപോകുന്നത് ഒഴിവാക്കാൻവേണ്ടി മിക്കവാറും ഒന്നോ രണ്ടോ വർഷത്തിനിടയിൽ ഇതു നടത്താൻവേണ്ടി പരമാവധി ശ്രമിക്കുമെന്ന്. ഗവൺമെൻറ് തന്നെ ചിലത് നടത്തേണ്ടതുണ്ട്. നേവൽ അക്കാഡമിയ്ക്കുവേണ്ടിയുള്ള ലാൻറ് അക്വിസിഷൻറെ കാര്യം ഞാൻ ഇവിടെ പലപ്പോഴും പറഞ്ഞതാണ്. അവിടുത്തെ കൃഷിക്കാരും പാവപ്പെട്ട തുണ്ടു ഭൂമിയുടമകളും ഇപ്പോൾ ദുരിതം അനുഭവിക്കുകയാണ്. വനവ്യൂ വകുപ്പുമന്ത്രിയുമായി ഉണ്ടാക്കിയ രണ്ടു ധാരണകളും അവിടെ ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. ഇന്നും അവർക്ക് കൊടുക്കുവാനുള്ള എമൗണ്ട് കൊടുത്തു തീർന്നിട്ടില്ല. അത് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാവുന്ന കാര്യമാണ്. അഞ്ചു കോടിരൂപ അതിനുവേണം എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതു കൊടുക്കുന്നില്ല. സർ, ഭരണകക്ഷിയിലെ ആരും അവിടെ തിരിഞ്ഞുനോക്കിയിട്ടില്ല. അവിടെ പാവപ്പെട്ട, അഞ്ചുസെൻറിൻറേയും പത്തുസെൻറിൻറേയും ഉടമകളായ കർഷകത്തൊഴിലാളികളുടെ കാര്യമാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്താണ് ഇരിക്കുന്നത് എങ്കിലും, സാധാരണ ഭരണപക്ഷത്തിന് പ്രതിപക്ഷം എന്നു പറഞ്ഞാൽ അവർക്ക് എതിരായി എല്ലാ ആയുധങ്ങളും എടുത്ത് ഉപയോഗിക്കുക എന്നുള്ളതാണ് ഈ ബൂർഷ്വാ ജനാധിപത്യത്തിൽ പ്രതിപക്ഷത്തെപ്പറ്റി ധരിച്ചു വച്ചിട്ടുള്ളത്. ഭരണപക്ഷക്കാർ നേവൽ അക്കാഡമിയ്ക്കുവേണ്ടിയുള്ള ലാൻറ് അക്വിസിഷനിൽ സഹായിക്കാൻ അങ്ങോട്ടു പോയില്ല. ഞങ്ങൾ പോയാണ് കൃഷിക്കാരോട് ഒഴിഞ്ഞുകൊടുക്കാൻ പറഞ്ഞത്. അവർ ഒഴിഞ്ഞു കൊടുത്തു. നിങ്ങൾ എന്താണ് ചെയ്തത്? 1980-ലെ വില കണക്കാക്കിയാണ് നഷ്ടപ്രതിഫലം നിശ്ചയിച്ചത്. ഈ നിയമം പാസ്സാക്കുമ്പോൾ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് 1980-ൽ ഒരു പ്രോജക്ടിനുവേണ്ടിയോ അല്ലെങ്കിൽ ഒരു ആവശ്യത്തിനുവേണ്ടിയോ ലാൻറ് അക്വിസിഷൻ നടത്താൻ തീരുമാനിക്കുന്നു. എന്നിട്ട് 1985-ൽ ആണ് അതിന്റെ വില കൊടുക്കുന്നത്. നമ്മുടെ രാജ്യത്ത് നാണയപ്പെരുപ്പവും അതുപോലെതന്നെ വിലക്കയറ്റവും എന്തെല്ലാം ഉണ്ടെന്ന് എല്ലാവർക്കും അറിയാം. കള്ളപ്പണത്തിന്റെയും കള്ളനോട്ടിന്റെയും ഫലമായി ഭൂമിയുടെ വിലകയറുന്നു, വില ക്രമാതീതമായി വർദ്ധിക്കുകയാണ്. എല്ലാ സാധനങ്ങൾക്കും ഭൂസ്വത്തിനും വില കയറുകയാണ്. അങ്ങനെ ഭൂമിക്ക് വിലകയറുന്ന അവസരത്തിൽ അഞ്ചുകൊല്ലവും മൂന്നു കൊല്ലവും മുൻപ് ഉള്ള, അക്വിസിഷൻ നടപടി ആരംഭിക്കുന്ന കാലത്തെ വിലയേ കൊടുക്കൂ, എന്നു പറഞ്ഞാൽ അതു കൃഷിക്കാരെ പ്രതികൂലമായി ബാധിക്കും. അതിന് ഒരു ഭേദഗതി ആവശ്യമാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറയുന്നത് എന്നറിയില്ല. മൂന്നുനാലു വർഷം മുമ്പുള്ള റേറാണ് ലാൻറ് അക്വിസിഷന്റെ കാര്യത്തിൽ നേവൽ അക്കാഡമിയ്ക്കു വേണ്ടി സ്ഥലം എടുത്തപ്പോൾ ആ കർഷകർക്കു കൊടുത്തത്. അതു തന്നെ പൂർണ്ണമായും കൊടുത്തിട്ടില്ല. സർ, മരിച്ചാൽ ഒരു ശ്മശാനത്തിൽ കുഴിച്ചു മൂടുക എന്നത് വിവിധ രീതിയിലായാലും നടപ്പാക്കേണ്ടേ? ഹിന്ദുക്കൾ ഭസ്മമാക്കും. ക്രൈസ്തവനികളും മുസ്ലീങ്ങളും കുഴിച്ചു മൂടും. പലരും പരലോകത്തിലേക്ക് പോകുമെന്നാണ് വിചാരിക്കുന്നത്. ചിലർ എഴുന്നേറ്റു വരും എന്നാണ് വിചാരിക്കുന്നത്. എന്തുമായിക്കൊള്ളട്ടെ ആ വിശ്വാസങ്ങൾ ഒന്നും ഞാൻ നോക്കുന്നില്ല.....

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ശ്രീ. എം.വി. രാഘവൻ മരിച്ചാലും എഴുന്നേറ്റുതന്നെ വരും.

ശ്രീ. എം.വി. രാഘവൻ: ഞാൻ എഴുന്നേറ്റുവരും. എന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ മരിച്ചുപോയാൽ ദേഹം ഭസ്മമാക്കിയിട്ട് കടലിൽ ഒഴുക്കണം, എന്നാണ് എന്റെ അഭിപ്രായം. പിന്നെ എങ്ങിനെയാണ് ഞാൻ എഴുന്നേറ്റു വരുന്നത്? എഴുന്നേറ്റുവരും എന്നു ഞാൻ വിശ്വസിക്കുന്നതേ ഇല്ല.

ശ്രീ. ബെന്നിബഹനാൻ: എം.വി. രാഘവന്റെ മരണശേഷം ഭസ്മം കടലിൽ ഒഴുക്കിയാൽ മൽസ്യംപോലും ചത്തുപോകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: കരുണാകരന്റെതാണെങ്കിൽ അതു ശരിയാണ്. അതുകൊണ്ട് ഞാൻ റവന്യൂ മന്ത്രിയോടു പറയുന്നു അങ്ങ് ഒരു യാഥാർത്ഥ്യബോധമുള്ള മന്ത്രിയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്; വളരെ മോശമായിട്ടില്ല. അതുകൊണ്ട് നമ്മൾ സംസാരിച്ചുണ്ടാക്കിയ എഗ്രിമെന്റ് അനുസരിച്ച് ചെയ്യണം. അവിടെ ശ്മശാനത്തിനുള്ള സ്ഥലംപോലും കിട്ടിയിട്ടില്ല. ഗംഗാധരന്റെ വേസ്റ്റ് വാട്ടറും നല്ല വാട്ടറും അവിടെ വരുകയില്ല. ഗംഗാധരൻ ഓർഡർ ഇറക്കി ഒഴുക്കിക്കളയും. പല ഓർഡറുകളും ഉണ്ട്. പക്ഷേ അവിടെ കുടിയൊഴിപ്പിച്ചിട്ട് പുനരധിവാസം നടത്തിയിട്ടുള്ള കോളനിയിൽ വെള്ളം കിട്ടുന്നില്ല. അതുപോലെ തന്നെ അവർക്ക് വെളിച്ചം ഇല്ല. അത് ആരാണ് കൊടുക്കേണ്ടത് എന്നറിയില്ല. ആകെ നാലുമാസം മാത്രമേ ആയിട്ടുള്ളൂ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് മാണി ഏറ്റെടുത്തിട്ട്. ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ കണ്ടു പാലായിൽ മാത്രം മൂവായിരം കണക്ഷൻ കൊടുത്തിട്ടുണ്ടെന്ന്. എന്റെ മാണി, ഈ മാതിരിയായാൽ ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് എവിടെയാണ് കിട്ടുക. പാലായിൽ മാത്രം ഇലക്ട്രിസിറ്റി ഉണ്ടായാൽ മതിയോ? ബാലകൃഷ്ണപിള്ളയാണെങ്കിൽ അഴിമതി നടത്തി. മാണി ഈ തരത്തിലുള്ള അഴിമതി നടത്തുന്നു. ഞാൻ ഇതു പറയുമ്പോൾ മാണി ചിരിക്കുമായിരിക്കും. കാരണം നാളെ ഈ വാർത്ത പത്രത്തിൽ വരുമ്പോൾ പാലായിലെ ആളുകൾ പറയുമല്ലോ മാണി യോഗ്യനാണെന്ന്. ഇതാണ് ഇവിടെ നടക്കുന്നത്. പാവപ്പെട്ടവർക്ക് കിടപ്പാടവും ഇല്ല അതുപോലെ ചത്താൽ കുഴിച്ചിടാൻ ഭൂമിയും ഇല്ല. അവർക്ക് ഇലക്ട്രിസിറ്റി ഇല്ല, വാട്ടർ സപ്ലൈ ഇല്ല. ഇപ്പോൾ നേവൽ അക്കാഡമി ഉണ്ടോ എന്നും സംശയമാണ്. അതുകൊണ്ട് ഞാൻ ഒരു കാര്യം പറയുകയാണ്. തമാശയായിട്ട് പറയുകയല്ല; ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. ഇവിടെ നേവൽ അക്കാഡമിക്ക് സ്ഥലം വേണമെന്നു പറഞ്ഞപ്പോൾ കർഷകരോട് ഒഴിഞ്ഞുപോകാൻ പറഞ്ഞത് ഞങ്ങളാണ്. പ്രത്യേകിച്ച് ആ നിയോജക മണ്ഡലത്തിലെ എം.എൽ.എ. എന്നുള്ള നിലയിൽ ഞാനാണ് പറഞ്ഞത്. ഇപ്പോൾ ആ സ്ഥലമെല്ലാം പാഴ്നിലമായിട്ട് കിടക്കുകയാണ്. നേവൽ അക്കാഡമിയുടെ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. ഇതു തുടർന്നുപോയാൽ ഇങ്ങിനെ ഒഴിഞ്ഞുപോയ സ്ഥലത്തേയ്ക്ക് വീണ്ടും കർഷകരെ മാർച്ചു ചെയ്യിക്കുന്നതിനുള്ള ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുക്കേണ്ടി വരും. അതിന് ഉത്തരവാദി നിങ്ങൾ ആയിരിക്കും എന്നാണ് എനിക്ക് വളരെ ശക്തിയായിട്ട് പറയാനുള്ളത്. ഇതു വളരെ നിസ്സാരമായിട്ടുള്ള കാര്യമായിട്ട് എടുത്താൽ പോര. ഒഴിപ്പിക്കലിനെപ്പറ്റി പറയുമ്പോൾ ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ല. മൂന്നും നാലും കൊല്ലം മുമ്പുള്ള ലാൻഡ് വാല്യൂ കൊടുക്കുക; എന്നിട്ട് അവരെ ഒഴിപ്പിക്കുക; അവർക്ക് ഗവൺമെന്റ് കൊടുക്കും എന്നു പറയുന്ന യാതൊരു സൗജന്യവും കൊടുക്കാതിരിക്കുക. ഈ നില തുടർന്നുകൂടാ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ലാൻഡ് അക്വിസിഷന്റെ സെൻട്രൽ ആക്ട് അനുസരിച്ച് ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്ന സന്ദർഭത്തിൽ അതിന് അവാർഡ് നിശ്ചയിക്കു

LIBRARY ARCHIVES Kerala Legislative Assembly

സ്പോഴും ആ അവാർഡ് നിശ്ചയിച്ചതിനെക്കുറിച്ച് വല്ല പരാതിയും ഉണ്ടെങ്കിൽ കോടതിയിൽ പോകാം എന്ന് സെൻട്രൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയിൽ, കോടതിയിലെ ജഡ്ജിമാരോട് മുഖ്യമന്ത്രിയുടെ വീട്ടിൽനിന്നും ഫോൺ ചെയ്തു പറഞ്ഞ് ഓർഡർ പുറപ്പെടുവിക്കുന്ന ഈ കാലത്ത് ഈ ആക്ട് ദുർവിനിയോഗം ചെയ്യുകയില്ലേ? അതിനെക്കുറിച്ച് മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. എം.വി. രാഘവൻ: അതിൽ ഒരു സംശയവുമില്ല. ഇപ്പോഴത്തെ റവന്യൂ മന്ത്രി പറഞ്ഞിരിക്കുന്നത് മൂന്നുകൊല്ലംകൊണ്ട് തീർക്കും എന്നല്ലേ? ഞാൻ ചോദിക്കട്ടെ, കോടതിയിൽ പോയാൽ റവന്യൂ മന്ത്രിയ്ക്ക് എന്തു ചെയ്യാൻ സാധിക്കും. കരുണാകരന്റെ കൈയിലാണ് ഈ വകുപ്പ് എന്നുണ്ടെങ്കിൽ ഒരു കാര്യം ചെയ്യാമായിരുന്നു. രാധാകൃഷ്ണമേനോനെപ്പോലെയുള്ള ജഡ്ജിമാർ ഉണ്ടെങ്കിൽ വിളിച്ച് വേഗം തീർക്കണം എന്നു പറയും. അതും അങ്ങേയ്ക്ക് സാധിക്കും. എന്നെനിക്ക് തോന്നുന്നില്ല. കരുണാകരൻ ആണെങ്കിൽ സാധിക്കും നമ്മുടെ രാജ്യത്ത് ഈ ബൂർഷ്വാ ജനാധിപത്യം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹൈക്കോടതിയിലേക്ക് ഫോൺ ചെയ്ത ഈ വിവരം ചോർത്തി എടുത്തത് ഒരു ട്രേഡ് യൂണിയൻ നേതാവ് ആണെന്നും അത് ബാലകൃഷ്ണപിള്ളയാണെന്നും ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.വി. രാഘവൻ: അതു ഞാൻ വായിച്ചു. അത് ശരിയായിരിക്കാനാണിട.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എന്നെ വെറുതേ വിട്ടുകൂടേ? ഏതു പത്രത്തിൽ വന്ന വാർത്തയാണെന്നെനിക്ക് അറിഞ്ഞുകൂടാ. ഇത്രയും അസത്യമായ ഒരു കഥകൂടി എന്റെ പുറത്തു വച്ചു കെട്ടണോ?

ശ്രീ. എം.വി. രാഘവൻ: ആ പത്രം എഴുതിയതും ശരിയാണ്. ബാലകൃഷ്ണപിള്ളയ്ക്ക് നിഷേധിക്കേണ്ടതും ആവശ്യമാണ്. പക്ഷേ സത്യം സത്യമായിട്ട് നിൽക്കുകയും ചെയ്യും. ഇതു മാത്രമേ ഞാൻ അതേപ്പറ്റി പറയുന്നുള്ളൂ. കാരണം എന്താണെന്നുവച്ചാൽ ബാലകൃഷ്ണപിള്ളയെ കരുണാകരൻ ക്രൂശിക്കാൻ ശ്രമിച്ചാൽ അങ്ങ് അത് മനസ്സിലാക്കണം. അങ്ങിനെ തോന്നിയാൽ കരുണാകരനെ ശരിപ്പെടുത്താനുള്ള മാർഗ്ഗം ബാലകൃഷ്ണപിള്ള ആലോചിക്കും. അത് സ്വാഭാവികമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങിനെയൊന്നും ബാലകൃഷ്ണപിള്ളയ്ക്ക് തോന്നിയിട്ടില്ല. എന്റെ കാര്യം തീരുമാനിക്കേണ്ടത് എന്റെ പാർട്ടിയാണ്. അതുകൊണ്ട് അങ്ങിനെയൊന്നും എനിക്ക് തോന്നിയിട്ടില്ല.

ശ്രീ. വി.കെ. രാജൻ: ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിയുടെ അടുത്തും ഗംഗാധരന്റെ അടുത്തും പോയി കാലു പിടിച്ച കാർട്ടൂൺ ബഹുമാനപ്പെട്ട മെമ്പർ കണ്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: ബാലകൃഷ്ണപിള്ളയ്ക്ക് ആദ്യം അദ്ദേഹത്തിന്റെ പാർട്ടിയിൽ ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. ഇപ്പോഴും തെറിയപ്പോഴും വീണ്ടും, കരുണാകരന്റെ ആടുത്തു പോകും എന്നാണ്. പത്രത്തിൽ കാണുന്നത്. ഞാൻ വിശ്വസിച്ചിട്ടില്ല. പക്ഷേ . എങ്ങിനെ വിശ്വസിക്കാതിരിക്കാൻ കഴിയും?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ബില്ലിലേക്ക് വന്ന് ചർച്ച ചെയ്താൽ വേണ്ടില്ല.

ശ്രീ. എം.വി. രാഘവൻ: ഞാൻ ബില്ലിലേക്ക് വരുകയാണ്. അങ്ങ് ലോ കോളേജിൽ പഠിച്ചിട്ടുണ്ടാകുമല്ലോ? ബൂർഷ്വാ ജനാധിപത്യത്തിൽ എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലജിസ്ലേച്ചറും വേറെ വേറെ നിൽക്കും എന്നാണ് പറയുന്നത്. ചന്ദ്രശേഖരനോട് ഞാൻ ചോദിക്കുന്നില്ല. അങ്ങയോടാണ് ഞാൻ ചോദിക്കുന്നത്. അങ്ങ് ചെറുപ്പക്കാരനല്ലേ? ഇത് എവിടെയാണ് നമ്മളെ കൊണ്ടുചെന്നെത്തിക്കുക? ഇന്നു രാവിലെ ഒരു അടിയന്തിര പ്രമേയം ഉണ്ടായിരുന്നു. രാധാകൃഷ്ണ മേനോനെപ്പറ്റി എത്രപ്രാവശ്യമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്? ഇന്ന് എനിക്ക് കൊച്ചിയിൽ നിന്ന് കിട്ടിയിട്ടുള്ള ഒരു വിവരം 21-9-1985-ന് ടെലഫോൺ ഡിപ്പാർട്ടുമെന്റ് അവിടെയുള്ള മുഴുവൻ രേഖകളും എടുത്തു; അതു മുഴുവൻ കസ്റ്റഡിയിൽ എടുത്തിരിക്കുകയാണ്. കരുണാകരൻ പറഞ്ഞു ജോണിന്റെ റിപ്പോർട്ടാണെന്ന്. ജോണിനും മാതൃഭൂമിയ്ക്കും എല്ലാ പത്രക്കാർക്കും കൊടുത്തത് കെ.വി. തോമസ് എം.പി. ആണ്. കരുണാകരൻ മൂന്നു ദിവസമായി വീട്ടിൽ ഇരുപ്പാണ്; പനിയെന്നും പറഞ്ഞ്. ചിലപ്പോഴും പനി ഉണ്ടാകും. പേടിച്ച പനി. 21-ാം തീയതി വൈകുന്നേരം ടെലഫോൺ ഡിപ്പാർട്ടുമെന്റ് മുഴുവൻ രേഖകളും കസ്റ്റഡിയിൽ എടുത്താൽ കെ.വി. തോമസ് എം.പി.ക്ക് എങ്ങിനെയാണ് ഈ രേഖകൾ കിട്ടിയത്? പത്രത്തിൽ കൊടുത്തത്? കള്ളക്കഥകൾ കെട്ടിച്ചമയ്ക്കാനുള്ള ഒരു ഗൂഢതന്ത്രം കരുണാകരനും കെ.വി. തോമസും അതുപോലെ തന്നെ പി. ആൻറ് ടി. ഡിപ്പാർട്ടുമെന്റു മായിട്ടു നടക്കുന്നുണ്ട്. പി ആൻറ് ടി. ഡിപ്പാർട്ടുമെന്റ് എന്തുകൊണ്ടാണ് അത് പറയാതിരിക്കുന്നത്? നിങ്ങൾക്ക് എന്തു കീള്ളത്തരവും പറയാം. അതിന് യോഗ്യനാണ് കരുണാകരൻ എന്ന് അറിയുകയും ചെയ്യാം. രാജൻ കേസ്സിന്റെ കാര്യത്തിൽ ഈ സഭയിൽത്തന്നെ അത് തെളിയിച്ചതാണ്. അന്ന് കള്ളം പറഞ്ഞു. അങ്ങിനെ മുഖ്യമന്ത്രി സ്ഥാനവും പോയി. ഇത് എല്ലാക്കാലത്തും നടത്താം എന്നു വിചാരിച്ചു പുറപ്പെടേണ്ട. നമ്മുടെ രാജ്യത്തുള്ള മന്ത്രിമാർ ഈ ജുഡീഷ്യറിയുടെ മേൽ ഇങ്ങനെ ഇടപെട്ടാൽ ഇത് എവിടെ ചെന്നു നിൽക്കും എന്നു നിങ്ങൾ ആലോചിക്കണം. ഹൈക്കോടതിയുടെ സിങ്കിൾ ബഞ്ചിനെ ഞാൻ അനുകൂലിക്കുകയാണ്. എന്താണ് സിങ്കിൾ ബഞ്ച് പറഞ്ഞിരിക്കുന്നത്? ഇതെല്ലാം ഞങ്ങൾ തീരുമാനിക്കേണ്ടതല്ല. മുഖ്യമന്ത്രിയും ഗവർണ്ണറും തീരുമാനിക്കേണ്ടതാണെന്നാണ് പറഞ്ഞിരിക്കുന്നത്. പിന്നീട് ഹൈക്കോടതിയുടെ ഫുൾബഞ്ചിൽ വന്നു. അവർ എന്താണ് പറഞ്ഞത്? ഞങ്ങൾ തീരുമാനിക്കേണ്ടതല്ല; ഗവർണ്ണറും മുഖ്യമന്ത്രിയും തീരുമാനിക്കേണ്ടതാണെന്നാണ് അവരും പറഞ്ഞത്. ഹർജിയിൽ എന്താണ് ആവശ്യപ്പെട്ടിരിക്കുന്നത്? അത് ബാലകൃഷ്ണപിള്ളയ്ക്ക് അറിയി

LIBRARY ARCHIVES Kerala Legislative Assembly

ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത് ബാലകൃഷ്ണപിള്ള ഇങ്ങിനെ പ്രസംഗിച്ചിട്ടുണ്ടെങ്കിൽ മന്ത്രി സഭയിൽ തുടരാൻ അർഹതയില്ലെന്നാണ്. കോടതിയെപ്പറ്റി പറയുമ്പോഴും പറഞ്ഞതാണ്. എന്നിട്ട് രണ്ടാമത്തെ ഒരു പെറ്റീഷൻ വന്നു. കേരളാ കോൺഗ്രസ്സും കോൺഗ്രസ്സും തമ്മിൽ വലിയ തർക്കം വന്നു. അന്ന് ഈ രാധാകൃഷ്ണമേനോൻ എന്താണ് പറഞ്ഞത്? ബാലകൃഷ്ണപിള്ളയെ മന്ത്രിയായി എടുക്കുന്നത് തടയാൻ നോട്ടീസ് അയയ്ക്കണം എന്നല്ലേ? വടക്കേ മലബാറിലെ വീടുകളിൽ പറയും കുട്ടികളും അച്ഛനും അമ്മയും ആയി ചോറും കറിയും വച്ചു കളിക്കുന്നു എന്ന്. അതു പോലെയാണ് ജസ്റ്റീസ് രാധാകൃഷ്ണമേനോൻ ചെയ്തത്. ഉടനേ നോട്ടീസ് അയയ്ക്കാൻ പറഞ്ഞു. കുറേ കഴിഞ്ഞപ്പോൾ പോറ്റിയോടു ചോദിച്ചു, എന്താ അതു ശരിയല്ലേ എന്ന്. കുറേക്കഴിഞ്ഞപ്പോൾ പോറ്റി പറഞ്ഞു, അത് കുഴപ്പമാണെന്ന്. ഉടൻ തന്നെ പത്രക്കാരെയെല്ലാം വിളിച്ച് ഉടൻ തന്നെ അതു മാറ്റിക്കളയണം എന്നു പറഞ്ഞു. ഇതെല്ലാം മറ്റൊരു പത്രക്കാരും കൊടുത്തിട്ടില്ല. ഇൻഡ്യൻ എക്സ്പ്രസ്സ് മാത്രമേ കൊടുത്തിട്ടുള്ളൂ. ഈ കസേരയിൽ ഇരിക്കാൻ നമ്മുടെ മുഖ്യമന്ത്രി യോഗ്യനല്ലെന്നു മാത്രമല്ല, ഈ ജസ്റ്റീസിനെ പിടിച്ച് പുറത്താക്കണ്ടേ? എന്ത് അപമാനമാണ്, സർ. ഈ ജസ്റ്റീസിനെ വിചാരണ ചെയ്യേണ്ടതാണ്. നമ്മുടെ ജുഡീഷ്യറിയെ അധഃപതിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിതിയാണെങ്കിൽ അത് രാജ്യത്തിന് ആപത്താണ്. ഇത് നമ്മുടെ രാജ്യത്തെ എവിടെയാണ് കൊണ്ടെത്തിക്കുക? പട്ടാള ഭരണം ഉള്ള രാജ്യത്ത് മിലിട്ടറി ഡിക്റ്റേറ്റർമാരും മറ്റും ഇങ്ങിനെ ഇടപെടാറുണ്ടോ? ഇത് സർക്കാരിന്റെ ഒരു സെക്ഷൻ ഓഫീസ് ആക്കിയിട്ട് അധഃപതിക്കുകയല്ലേ ചെയ്യുന്നത്? ഈ രാജ്യത്തെ മുഴുവൻ പത്രങ്ങളുമെഴുതി. ഇനിയിപ്പോൾ പി. ആൻഡ് ടി. ക്കാരുടെ ഒരു നിഷേധംകൂടിവരും. ഇല്ല എന്നൊന്നും ഞാൻ പറയുന്നില്ല. അത് വരാൻ പോകുന്നു. കെ.വി. തോമസിന്റേത് ഇപ്പോൾ വന്നതേയുള്ളൂ. ഇനി പി. ആൻഡ് ടി. ക്കാരുടേത് ഇപ്പോൾ വരും. എന്തേ? ഇങ്ങനെയൊന്നുമില്ല എന്ന്. കാരണം അവർ ഇതെല്ലാം കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അതെല്ലാം നശിപ്പിച്ചാൽമതിയല്ലോ. അവർ ഈ കാർഡ് മുഴുവൻ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അതുപോലെ ലൈൻമെൻ രജിസ്റ്റർ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പി. ആൻഡ് ടി. ഡിപ്പാർട്ടുമെന്റുകാരെ ആദ്യം കസ്റ്റഡിയിലെടുക്കണം. എന്നാലേ ഈ പത്രത്തിൽ വന്നിട്ടുള്ള രേഖകൾ തെളിയിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അത് നശിപ്പിക്കും. അതിനുവേണ്ടിയുള്ള ഗൂഢാലോചനകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ മുഖ്യമന്ത്രിയെ രക്ഷിക്കാൻ വേണ്ടി കേന്ദ്രഗവൺമെന്റും അതിലെ ഉദ്യോഗസ്ഥൻമാരും പി. ആൻഡ് ടി. ഡിപ്പാർട്ടുമെന്റും ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുകയാണ്, അവരുടെ നഗ്നമായിട്ടുള്ള ഈ ഇടപെടൽ അവസാനിപ്പിക്കുന്നില്ലെങ്കിൽ ഈ രാജ്യത്തിന്റെ ജുഡീഷ്യറി, ഈ ബൂർഷ്വാ ജുഡീഷ്യറിയെപ്പറ്റി ബൂർഷ്വാ രാഷ്ട്രീയക്കാർതന്നെ പറയുന്ന പരിവേഷം ഞങ്ങളും പറയുന്നതല്ല നിങ്ങൾതന്നെ പറയുന്ന പരിവേഷത്തെ മുഴുവൻ കളഞ്ഞു കുളിക്കുകയാണ്, നശിപ്പിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ നിയമസഭയിലുള്ള മറ്റു പാർട്ടികളും ചിന്തിക്കണം. ശ്രീമാൻ കരുണാകരനെ രക്ഷിക്കേണ്ട ഉത്തരവാദിത്വം കോൺഗ്രസ്സ് 'ഐ' ക്കുണ്ടാകും. കേരളകോൺഗ്രസ്സുകാരും

LIBRARY ARCHIVES Kerala Legislative Assembly

ലീഗുകാരും അതുപോലെയുള്ള പാർട്ടികളും ഇതിനെപ്പറ്റി എന്താണ് പറയുന്നത്? നിങ്ങൾക്കിത് അപമാനമല്ലേ? നിങ്ങൾ ഓരോ പാർട്ടിയും ഇതിനെപ്പറ്റി അഭിപ്രായം പറയേണ്ടതല്ലേ? മറ്റു ഘടകകക്ഷിക്കാരോട് ഞാൻ ചോദിക്കുകയാണ്. ഞങ്ങൾ മുഖ്യമന്ത്രിയെ പുറത്താക്കാൻവേണ്ടി പറയുന്നതല്ല, ശ്രീമാൻ കരുണാകരൻ രേഖാമൂലം രേഖപ്പെടുത്തിയാലും ശ്രീമാൻ പി.ജെ. ജോസഫ് രേഖപ്പെടുത്തിയാലും ഞങ്ങൾക്കതിൽ കാര്യമൊന്നുമില്ല. പിന്നെ ശ്രീമാൻ കരുണാകരനോട് എനിക്ക് വ്യക്തിപരമായ വിരോധമുണ്ടോ? എനിക്ക് വ്യക്തിപരമായി ശ്രീമാൻ ജോസഫിനോടുള്ളതിനേക്കാളും സ്നേഹം ശ്രീമാൻ കരുണാകരനോടാണ്. കാരണം എന്റെ നാട്ടുകാരനാണ്. അപ്പോൾ അത് സാധാരണമല്ലേ? അതുകൊണ്ട് ശ്രീമാൻ പി.ജെ. ജോസഫിനോടുള്ളതിനേക്കാളും സ്നേഹം ശ്രീമാൻ കരുണാകരനോടാണ്. പക്ഷേ ഇത് എങ്ങനെ പൊറുക്കും ഇതെങ്ങനെ സഹിക്കും. ഇത് വായിച്ച് ഞങ്ങൾ എങ്ങനെ ഈ രാജ്യത്ത് നിയമസഭാപ്രവർത്തനം നടത്തും? ഇത് ചിരിച്ചുതള്ളേണ്ട ഒരു കാര്യമല്ല. ദിവസേന നമ്മുടെ കോടതികളെപ്പറ്റി വാർത്ത വരുന്നു. ഞാൻ ചോദിക്കട്ടെ, ഇല്ലസ്ട്രേറ്റഡ് വീക്കിലി ദേശാഭിമാനി പത്രമാണോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇല്ലസ്ട്രേറ്റഡ് വീക്കിലി ദേശാഭിമാനി പത്രമാണോ എന്നു ചോദിച്ചാൽ അത്രയും മോശമാണ് ദേശാഭിമാനി എന്നാണോ അഭിപ്രായം?

ശ്രീ. എം.വി. രാഘവൻ: ദേശാഭിമാനിയെപ്പോലെ അന്തസ്സുള്ള ഒരു പത്രം കോൺഗ്രസ്സ് ഈ ജന്മത്തിൽ നടത്തിയിട്ടില്ല. ഇനി നടത്താനും കഴിയുകയില്ല. അതല്ല, ഇവിടെ പ്രശ്നം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ദേശാഭിമാനി സ്ഥിരമായി കളവ് എഴുതുന്നുവെന്ന് അങ്ങേയ്ക്കുതന്നെ അഭിപ്രായമുണ്ടെന്നാണോ ഈ പറയുന്നത്?

ശ്രീ. എം.വി. രാഘവൻ: ദേശാഭിമാനി പത്രമാണോ എന്നു ഞാൻ ചോദിച്ചത് ശ്രീ. രാമചന്ദ്രൻ മാസ്റ്റർക്ക് മനസ്സിലായില്ല. അത് കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ, ഒരു കക്ഷിയുടെ പത്രമാണ്. അതുകൊണ്ട് ആ കക്ഷിയുടെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി എഴുതി എന്ന് വേണമെങ്കിൽ എതിരാളിക്ക് ആക്ഷേപിക്കാം. എന്നു പറഞ്ഞാൽ ഞങ്ങൾക്കുവേണ്ടി എഴുതിയെന്ന്. ഇല്ലസ്ട്രേറ്റഡ് വീക്കിലി ഒരു കക്ഷിയുടെ പത്രമാണോ? ശ്രീമാൻ കരുണാകരനോട് എന്തെങ്കിലും രാഷ്ട്രീയ വിരോധമുണ്ടോ? വേറെ എന്തെങ്കിലും വ്യക്തിവിരോധമുണ്ടോ? രാമചന്ദ്രൻ മാസ്റ്ററും കുട്ട്യാലിയും മാത്രമാണല്ലോ ശ്രീ. കരുണാകരന്റെ ഉത്തമസുഹൃത്തുക്കൾ. നിങ്ങൾ രണ്ടാളുമല്ലേ ചാടുന്നുള്ളൂ? നിങ്ങൾ പറയണം വിരോധമുണ്ടെങ്കിൽ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അതിന്റെ കാരണമെന്താണെന്നു വച്ചാൽ അന്ന് നിയമസഭ ചേരുന്നതിന്റെ രണ്ടുദിവസംമുമ്പ് ബഹുമാനപ്പെട്ട ചെയറിൽനിന്നും റൂളിംഗ് ഉണ്ടായി. അർത്ഥമില്ലാത്ത അഭ്യൂഹങ്ങളുള്ള പത്രവാർത്തകൾ ഉദ്ധരിച്ചുകൊണ്ട് നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കാൻ പാടില്ല എന്ന്. അന്ന് മാതൃഭൂമിയിൽവന്ന റിപ്പോർട്ടുകളൊക്കെ ഒരു അഭ്യൂഹം മാത്രമായിരുന്നു. ഒരു പത്രപ്രവർത്തകന്റെ അഭ്യൂഹം മാത്രമാണ്. ആ അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിൽ റെയിസ് ചെയ്ത ഒരു പോയിന്റ് ഏതടിസ്ഥാനത്തിലാണ് നിയമസഭയിൽ ഉദ്ധരിക്കുന്നത് എന്നാണ് ഞങ്ങൾ ചോദിച്ചത്.

ശ്രീ. എം.വി. രാഘവൻ: ശ്രീ. കുട്ട്യാലിക്ക് അത് മനസ്സിലായിട്ടില്ല. ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വന്ന റിപ്പോർട്ട് മാത്രമല്ല ഇവിടെ ശ്രീ. ബേബിജോണും ഞാനുമൊക്കെ ഉദ്ധരിച്ചത്. അതിന്റെ ഫോട്ടോസ്റ്റാറ്റ് പത്രത്തിൽവന്നതു മാത്രമല്ല ഉന്നയിച്ചത്. പ്രതിപക്ഷം ഉത്തരവാദിത്വബോധത്തോടുകൂടി ഇവിടെ മുമ്പ് പറഞ്ഞു, ഇനിയും ആവർത്തിക്കുന്നു, വേണമെങ്കിൽ അതിന്റെ ഒറിജിനൽരേഖതന്നെ ഹാജരാക്കാൻ ഞങ്ങൾ തയ്യാറാണെന്ന്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എന്നാൽ അതൊന്ന് മേശപ്പുറത്തുവയ്ക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: അതിന് മുഖ്യമന്ത്രി രാജിവയ്ക്കണം. കാരണം നമ്മൾ കൊടുത്ത രേഖകൾ വച്ച് നേരത്തെ ഈ ഉദ്യോഗസ്ഥൻമാർ വളച്ചൊടിക്കുകയാണ്. നിങ്ങൾ പറഞ്ഞു 21-ന് ഇതൊക്കെ കണ്ടുകെട്ടി എന്ന്. സുപ്രീംകോടതിയിലെ ജഡ്ജിയെ ഇതിനെ നോക്കാൻ വയ്ക്കുകയും വേണം. നമുക്ക് വയ്ക്കാം.

ശ്രീ. കെ. കരുണാകരൻ: മേശപ്പുറത്തുവയ്ക്കാൻ ധൈര്യമുണ്ടെങ്കിൽ വയ്ക്കണം.

ശ്രീ. എം. വി. രാഘവൻ: ഞങ്ങൾ വയ്ക്കാം. ഒരു കണ്ടീഷനുണ്ട്. ഇപ്പോൾതന്നെ ഞങ്ങൾ പറഞ്ഞു പി. ആൻറ് ടി. യിലെ ഉദ്യോഗസ്ഥൻമാർ 21-9-1985-ന് ഈ രേഖകളുടെ ഒറിജിനൽ കസ്റ്റഡിയിലെടുത്തുവെന്ന്. അതുതന്നെ മുഖ്യമന്ത്രി ഇടപെട്ടിട്ടാണെന്നാണ് എന്റെ ആക്ഷേപം. ഞാൻ നേരത്തെ അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾതന്നെ മുഖ്യമന്ത്രിയോടു പറഞ്ഞു, അങ്ങയോട് നല്ല കാരുണ്യവും ദയയും സ്നേഹവുമെല്ലാം ഉണ്ടെങ്കിലും ഈ കസേരയിലിരിക്കാൻ അങ്ങു യോഗ്യനല്ല എന്ന്. അതുകൊണ്ട് ഞങ്ങൾ ഒറിജിനൽ വയ്ക്കാം. പക്ഷേ അങ്ങ് രാജിവയ്ക്കണം.

ശ്രീ. കെ. കരുണാകരൻ: ആ രേഖ തന്റെ കൈവശമുണ്ടെന്ന് ഇല്ലസ്ട്രേറ്റഡ് വീക്കിലിയുടെ ലേഖകൻ എഴുതിയ ആ ഭാഗം വായിച്ചിട്ടുണ്ടോ? ഡിപ്പാർട്ടുമെന്റ് എടുത്തുകൊണ്ടുപോയി എന്നല്ലേ പറഞ്ഞത്. ഉണ്ടെന്നാണ് ലേഖകൻ അവകാശപ്പെടുന്നത്. ഒന്ന് ഹാജരാക്കാമോ?

ശ്രീ. എം. വി. രാഘവൻ: അത് ഹാജരാക്കാം. അങ്ങ് ഈ സമയത്ത് രാജി എഴുതിക്കൊടുക്കുമെങ്കിൽ ഒരു മണിക്കൂറിനകം ആ രേഖ ഞാൻ ഈ അസംബ്ലിയിൽ ഹാജരാക്കാം. അതിനു തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ: ഒരു ശതമാനം സത്യമുണ്ടെന്നു കണ്ടാൽ, നിങ്ങളുടെ ആരുടേയും ചീട്ട് വേണ്ട, ആ നിമിഷം ഇറങ്ങിപ്പോകാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: മുഖ്യമന്ത്രി സത്യം പറയുന്നുവെന്ന് ആ ഭാഗത്തിരിക്കുന്ന ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ?

ശ്രീ. എം.വി. രാഘവൻ: ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ചിലപ്പോഴും വിശ്വസിക്കുന്നില്ലെങ്കിലും പറഞ്ഞുകളയും.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: രേഖയുടെ ഒറിജിനൽ മേശപ്പുറത്തു വയ്ക്കാമെന്നാണ് അങ്ങിപ്പോഴും പറഞ്ഞത്. ഇതുപോലെ തൃശ്ശൂരിലെ തട്ടിൽ എസ്റ്റേറ്റിനെ സംബന്ധിച്ച് ഒരു ഫോട്ടോസ്റ്റാറ്റ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ ഒറിജിനൽ അയാളുടെ കയ്യിലുണ്ടെന്നു സംശയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നത തൊഴിലാളി നേതാവായ അഴിക്കോടൻ രാഘവനെ ശ്രീമാൻ കരുണാകരന്റെ പിന്തുണയോടുകൂടി കൊലചെയ്തു. ആ സാഹചര്യത്തിൽ അങ്ങ് ഗൗരവപൂർവ്വം ചിന്തിച്ചിട്ടുവേണം ഇത് പറയാൻ എന്നാണ് എന്റെ അഭിപ്രായം.

ശ്രീ: എം. വി. രാഘവൻ: ഇങ്ങനെ നിരവധി കഥകളുണ്ട്. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ ആശങ്ക ശരിയാണ്. നിയമസഭയിൽനിന്ന് ഞാൻ പുറത്തിറങ്ങിയാൽ എന്താണ് ചെയ്യുക എന്നറിയില്ല. എന്തും ചെയ്യാൻ മടിക്കുകയില്ല. എന്റെ സംരക്ഷണത്തിനുള്ള ഉത്തരവാദിത്വം അങ്ങ് ഏറെടുക്കണം. നിയമസഭയിൽ പ്രസംഗിച്ചതുകൊണ്ട് വല്ല അപകടവും സംഭവിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ചെയർ ഏറെടുക്കണം. അതേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളൂ.

മി. ഡെ. സ്പീക്കർ: ശ്രീ. രാഘവന്റെ കാര്യം പ്രത്യേകം ചെയർ പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: എനിക്ക് സുരക്ഷിതത്വം തരണം. അത്രയേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. ബേബി ജോൺ: അങ്ങേയ്ക്കും അത് വേണമെന്ന് മനസ്സിലായി അല്ലേ?

മി. ഡെ. സ്പീക്കർ: ശ്രീ. രാഘവൻ കുറെക്കാലംകൂടി ജീവിച്ചിരിക്കുന്നത് ആവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ്.

ശ്രീ. എം. വി. രാഘവൻ: മുഖ്യമന്ത്രി എന്റെ വെല്ലുവിളി സ്വീകരിക്കാൻ സന്നദ്ധനാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മുഖ്യമന്ത്രി ഏതു നിമിഷത്തിൽ രാജിവയ്ക്കുന്നുവോ അത് കഴിഞ്ഞ് ഒരു മണിക്കൂറിനകം ഈ ഒറിജിനൽ രേഖ ഹാജരാക്കാൻ ഞങ്ങൾ തയ്യാറാണ്. ഇതിപ്പോൾ ഏതെങ്കിലും ഒരു മുഖ്യമന്ത്രിയേയോ ഏതെങ്കിലുമൊരു ഭരണത്തേയോ വിമർശിക്കാനല്ല. ഈ രാജ്യത്ത് നിങ്ങൾ പറയുന്ന ബൂർഷ്വാ ജനാധിപത്യം.....

ശ്രീ. എ.സി. ഷൺമുഖദാസ്: മുഖ്യമന്ത്രിയുടെ രാജിക്കത്തും ഈ രേഖയുംകൂടി ഒന്നിച്ചു മേശപ്പുറത്തുവച്ചാലോ?

ശ്രീ. എം. വി. രാഘവൻ: പ്രതിപക്ഷനേതാക്കൻമാരുടെ നിർദ്ദേശം പരിഗണിച്ച് രണ്ടും ഒപ്പം വയ്ക്കാം. മുഖ്യമന്ത്രിയുടെ രാജിയും ഈ രേഖയുംകൂടി ഒപ്പം വയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: രാജിക്കത്ത് ഇവിടെ വച്ചതുകൊണ്ട് കാര്യമില്ല. ഗവർണ്ണർക്കാണ് കൊടുക്കേണ്ടത്.

ശ്രീ. കെ. കരുണാകരൻ: കക്ഷിനേതാവായ ശ്രീ. ഷൺമുഖദാസിന് ഇതിനെസംബന്ധിച്ച് ഒരു ക്ലാസ് കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇതിന്റെ പ്രൊസീഡ്യൂവർപോലും അറിയില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബൂർഷ്വാ ജനാധിപത്യം ബൂർഷ്വാ ജനാധിപത്യമെന്നു പറഞ്ഞല്ലോ. ആ ബൂർഷ്വാ ജനാധിപത്യത്തെപ്പറ്റി അങ്ങയുടെ മുന്നണിയിലെ ഘടകകക്ഷിനേതാവായ ശ്രീ. ഷൺമുഖദാസിന്റെ അഭിപ്രായം എന്താണെന്നറിയാമോ?

ശ്രീ. എം. വി. രാഘവൻ: ഞങ്ങൾക്ക് ചില കാര്യങ്ങളിൽ അഭിപ്രായയോജിപ്പുമുണ്ട്, ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസവുമുണ്ട്. എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് മുഖ്യമന്ത്രിയുടെ രാജിയും ഈ പറയുന്ന രേഖയുംകൂടി ഒരേസമയത്ത് ഗവർണ്ണർക്ക് കൊടുക്കാം; എന്നിട്ട് അതിനെപ്പറ്റി എൻക്വയറി നടത്താമെന്നാണ്. ഞങ്ങളിത് കക്ഷിതാൽപ്പര്യത്തിനുവേണ്ടി പറയുന്നതല്ല. ഗവൺമെന്റിനെ വിമർശിക്കാൻവേണ്ടി പറയുന്നതല്ല. മുഖ്യമന്ത്രിയെ പേഴ്സണലായിട്ട് അറാക്ക് ചെയ്യാൻവേണ്ടി പറയുന്നതല്ല. ഈ രാജ്യത്തിലെ ജനാധിപത്യമാനദണ്ഡം, മുഖ്യമന്ത്രിതന്നെ കൊട്ടിഘോഷിക്കുന്നത് നിലനിറുത്തണമെങ്കിൽ ഈ രാജ്യത്തെ ജുഡീഷ്യറി എക്സിക്യൂട്ടീവിന്റെ അടിമയായിക്കൂടാ. ജുഡീഷ്യറി എന്നു പറയുന്നത് പൊതുഭരണത്തിന്റെ ഒരു സെക്ഷനായിട്ട് അധഃപതിച്ചുകൂടാ. അത്തരം ഒരു സാഹചര്യം ഒഴിവാക്കാൻവേണ്ടി മാത്രമാണ്.....

ശ്രീ. കെ. കരുണാകരൻ: പ്രതിപക്ഷം ശ്രമിക്കാവുന്നതെല്ലാം ശ്രമിച്ചിട്ട് അവസാനം ഒരു ആഴ്ചപ്പതിപ്പിന്റെ കടലാസുകൊണ്ടുവന്ന് രാജിവയ്ക്കാൻ പറയുകയാണ്. ഇങ്ങനെയൊരു ഗതികേട് പ്രതിപക്ഷത്തിനു വന്നല്ലോ?

ശ്രീ. എം. വി: രാഘവൻ: അത് തൃശ്ശൂർ മൈതാനിയിൽ പ്രസംഗിച്ചാൽ മതി. ഈ നിയമസഭയിൽ പറയാൻ പറ്റിയതല്ല എന്നു മാത്രമേ ഞാനിപ്പോഴും പറയുന്നുള്ളു. അദ്ദേഹം അത് ആലോചിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ രാജ്യത്തെ ജുഡീഷ്യറിയെ രക്ഷിക്കണമെന്ന ഒറ്റ കാരണം കൊണ്ടുമാത്രമാണ് ഞങ്ങളും ഇതിനെപ്പറ്റി പറയുന്നത്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: ജനാധിപത്യത്തിന്റെ മഹത്വത്തെക്കുറിച്ചൊക്കെ വളരെ വിസ്തരിച്ചു പറഞ്ഞല്ലോ. ഗവൺമെന്റ് ഓഫീസിലുള്ള ഈ രഹസ്യരേഖകളും ഒക്കെ ഇങ്ങനെ മോഷ്ടിക്കുന്നത് ജനാധിപത്യത്തെ എങ്ങനെ സഹായിക്കും?

ശ്രീ. എം. വി. രാഘവൻ: അതുശരി. അപ്പോൾ ശ്രീമാൻ അഹമ്മദ് സിമന്റ് കട്ടാലും കൈക്കൂലി വാങ്ങിയാലും അതിന്റെ രേഖകളൊന്നും കൊണ്ടുവരാൻപാടില്ലെന്നാണോ മി. കൊരമ്പയിൽ മനസ്സിലാക്കിയിരിക്കുന്നത്? അതെല്ലാം നിയമസഭയിൽ വരും. അതിനുള്ള അവ

LIBRARY ARCHIVES Kerala Legislative Assembly

കാശം നിയമസഭയ്ക്കുണ്ട്. അഴിമതിയുടെ രേഖകളും. ഈ നിയമ സഭയിൽ കൊണ്ടുവരാൻവേണ്ടി ഞങ്ങൾക്ക് കിട്ടുന്ന അവസരങ്ങളും ഉപയോഗിക്കരുതെന്നാണോ പറയുന്നത്? ഇതെല്ലാം പാർലമെന്ററി ജനാധിപത്യത്തിലുള്ളതാണ്. അങ്ങ് അത് മനസ്സിലാക്കാതെ പറയുകയാണ്. ഇതൊന്നും വിചാരിച്ചിട്ട് കൈക്കൂലിവാങ്ങിക്കേണ്ട, രേഖ ഒന്നും മേശപ്പുറത്തുവരില്ലയെന്ന് വിചാരിച്ച് കൈക്കൂലി വാങ്ങിക്കേണ്ട. ലീഗ് മന്ത്രിമാരോട് പറയണം ഇതൊന്നും വിചാരിച്ചിട്ട് കൈക്കൂലി വാങ്ങരുതെന്ന്. ഇത്രയേ അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളു. ലാൻഡ് അക്വിസിഷന്റെ കാര്യവും നേവൽ അക്കാദമിയുടെ കാര്യവും ഞാൻ ഒന്നുകൂടി റവന്യൂമന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്. എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: "The Land Acquisition (Kerala Amendment) Bill, 1985 as reported by the Subject Committee be recommitted to the same Subject Committee" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള സംസ്ഥാനം വരുന്ന സമയത്ത് തിരുവിതാംകൂർ–കൊച്ചി ഭാഗത്ത് തിരുവിതാംകൂർ–കൊച്ചി ലാൻഡ് അക്വിസിഷൻ ആക്ടും മലബാർ പ്രദേശത്ത് ഇന്ന് കേരളംമുഴുവൻ ബാധകമാക്കിയിട്ടുള്ള 1894–ലെ കേന്ദ്ര ലാൻഡ് അക്വിസിഷൻ ആക്ടും ഉണ്ടായിരുന്നു. അതിനുശേഷം 1961–ൽ ഈ നിയമസഭയിൽ ഭൂനിയമം ഏകീകരിക്കാനുള്ള ബിൽ അവതരിപ്പിച്ചു. 1963–ൽ കേരള ലാൻഡ് അക്വിസിഷൻ ആക്ട് ഇവിടെ പാസാക്കി. 1963 വരെ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത നിയമമായിരുന്നുവെങ്കിൽക്കൂടി 1963–നുശേഷം 1894–ലെ ലാൻഡ് അക്വിസിഷൻ ആക്ടോ തിരു–കൊച്ചി ലാൻഡ് അക്വിസിഷൻ ആക്ടോ നടപ്പിലാക്കുന്നതിനുപകരം ഈ സംസ്ഥാനത്തിൽ കേരള ലാൻഡ് അക്വിസിഷൻ ആക്ട് എല്ലാ പ്രദേശങ്ങളിലും ഒരുപോലെ നടപ്പിലാക്കി. തിരു–കൊച്ചി ലാൻഡ് അക്വിസിഷൻ ആക്ട് റദ്ദാക്കിയിരുന്നു. കേന്ദ്രാനുമതി മേടിച്ചതിന്റെ ഫലമായി 1894–ലെ ലാൻഡ് അക്വിസിഷൻ ആക്ടിനുപകരം കേരള നിയമം നടപ്പിലാക്കാൻ കഴിഞ്ഞു. 1984–ലെ 68–ാംനമ്പർ കേന്ദ്രനിയമപ്രകാരം ലാൻഡ് അക്വിസിഷൻ ആക്ട് വിപുലീകരിച്ചതോതിൽ ഭേദഗതി വരുത്തുകയും അത് ഇന്ത്യ മുഴുവൻ ഏകീകൃതനിയമമെന്ന നിലയിൽ നടപ്പിലാക്കുകയും ചെയ്തു. ജമ്മു കാശ്മീർ സ്റ്റേറ്റ് മാത്രമാണ് ഇപ്പോഴും ഒഴിവാക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ ഭേദഗതി വരുത്തിയപ്പോഴും മുൻകേന്ദ്ര നിയമത്തിലില്ലാത്തതും നിലവിലുള്ള കേരള നിയമത്തിലില്ലാത്തതുമായിട്ടുള്ള വലിയ വ്യത്യാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മുമ്പ് കേരള നിയമത്തിലും കേന്ദ്രനിയമത്തിലും കമ്പനിക്ക് ഭൂമി പൊന്നും വിലയ്ക്ക് എടുക്കണമെങ്കിൽ പ്രത്യേക വകുപ്പായിരിക്കണം. നിയമത്തിൽ 4–ാം വകുപ്പുപ്രകാരം സർക്കാരിന്റെ ആവശ്യത്തിനോ സർക്കാരിന്റെ കോർപ്പറേഷനുകളുടെ ആവശ്യത്തിനോ പൊതു ആവശ്യമെന്നുള്ള നിലയിൽ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കാമായിരുന്നു. ആ നാലാംവകുപ്പ് അതേപോലെതന്നെ കമ്പനിക്ക് ബാധകമായിരുന്നില്ല. വ്യത്യാസങ്ങളുണ്ടായിരുന്നു. ഇപ്പോഴത്തെ കേന്ദ്രഭേദഗതി പ്രകാരം നമ്മുടെ സംസ്ഥാനമുൾപ്പെടെ ഇന്ത്യയിലെ എല്ലാ പ്രദേശത്തും ജമ്മു–കാശ്മീർ ഒഴിച്ച് ഈ നിയമം നടപ്പിലാക്കിവരുന്നത് ആ കേന്ദ്രഭേദഗതിയോടുകൂടിയാണ്. ആ ഭേദഗതിപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതായിട്ടുള്ള നടപടിക്രമം എല്ലാത്തിനും ഒരുപോലെയാക്കിയിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളെല്ലാം പ്രൈവറ്റ് കമ്പനികളാണ് ഗവൺമെന്റ് കമ്പനിയല്ല. ഗവൺമെന്റ് കമ്പനി പ്രത്യേകമായി ഇതിൽ ചേർത്തിട്ടുണ്ട്. മുമ്പ് ഗവൺമെന്റാവശ്യത്തിനായിട്ടുള്ള ഭൂമി പൊന്നുംവിലയ്ക്കെടുക്കുമ്പോഴും കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി പൊന്നും വിലയ്ക്കെടുക്കുമ്പോഴും മാത്രമേ നാലാം വകുപ്പ് അതേപോലെ നടപ്പാക്കപ്പെട്ടിരുന്നുള്ളു. ഇന്ന് ആ നാലാം വകുപ്പിന്റെ വ്യാപ്തി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള സൊസൈറ്റികളിലേക്കും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിലേക്കും വ്യാപിപ്പിച്ചിരിക്കുകയാണ്. ഇത് വലിയ വ്യാപ്തിയാണ്. ഈ ഭൂമി പൊന്നുംവിലയ്ക്കെടുക്കുകയെന്നുള്ളത് പൊതു ആവശ്യമാണെങ്കിൽക്കൂടിയും ആ പൊതു ആവശ്യത്തിന്റെ ആവശ്യക്കാർ എന്നുള്ള നിലയിൽ വളരെയധികം വിപുലീകരിക്കുമ്പോഴും വളരെയധികം തെറ്റുകളും ക്രമക്കേടുകളും പ്രത്യേക താൽപ്പര്യങ്ങളുമെല്ലാം ഇത് നടപ്പിലാക്കുമ്പോഴും ഉണ്ടായിയെന്നുവന്നേയ്ക്കാം. നാലാം വകുപ്പു പ്രകാരം ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതായിട്ടുള്ള സ്ഥാപനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചുവെന്നു മാത്രമല്ല പൊതു ആവശ്യം എന്നാൽ എന്താണെന്നുള്ളതിന്റെ വ്യാപ്തിയും ഈ കേന്ദ്ര നിയമഭേദഗതി പ്രകാരം വളരെയധികം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് സൈറ്റ്സ്, അതിന്റെ എക്സ്റ്റൻഷൻ, ടൗൺ ഡെവലപ്പ്മെന്റ്, ഇംപ്രൂവ്മെന്റ് ഓഫ് എക്സിസ്റ്റിംഗ് വില്ലേജ് സൈറ്റ്സ് അതുപോലെതന്നെ റൂറൽ പ്ലാനിംഗിനു വേണ്ടിയിട്ടുള്ള സ്ഥലം, ഒരു ടൗൺ ഉണ്ടാക്കാനായിട്ടുള്ള സ്ഥലം, ഗവൺമെന്റിന്റെ പണം ചെലവഴിച്ചുകൊണ്ട് ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസനത്തിനുവേണ്ടിയുള്ള സ്ഥലം, ഒരു കോർപ്പറേഷനുവേണ്ടി ആവശ്യമുള്ള സ്ഥലം, വീടുവയ്ക്കാൻ വേണ്ടി മാറിവയ്ക്കുന്ന സ്ഥലം, സ്ലം ക്ലിയറൻസിനുവേണ്ടി മാറിവയ്ക്കുന്ന സ്ഥലം, സംസ്ഥാന ഗവൺമെന്റിന്റെ മുൻഅനുമതിയോടുകൂടി വികസനത്തിനുവേണ്ടി എന്നുപറഞ്ഞ് ഏതൊരു മുനിസിപ്പാലിറ്റിക്കും പഞ്ചായത്തിനും മാറിവയ്ക്കാവുന്ന സ്ഥലം, പബ്ലിക് ഓഫീസ് നിർമ്മിക്കാനുള്ള സ്ഥലം ഇതെല്ലാം പൊന്നുംവിലയ്ക്ക് എടുക്കുന്നത്. ഈ കേന്ദ്രനിയമ ഭേദഗതിപ്രകാരം പൊതു ആവശ്യത്തിനുവേണ്ടിയാണ് എന്നാണ് പറയുന്നത്. ഇന്ന് എന്താണ് സർ ഇതിന്റെ പേരിൽ നടക്കുന്നത്. സർക്കാരിന്റെ അനുമതി സാധാരണഗതിയിൽ ലോക്കൽ അതോറിറ്റികൾക്ക് കൊടുത്തു പോരുന്നുണ്ട്. ഇന്ന് നമ്മുടെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തിലും ചെന്നാൽ കഴിഞ്ഞകുറെ മാസങ്ങളായി കിട്ടുന്ന പരാതി സ്ഥലം ആരുടെ ഉടമയിലാണോ അയാൾക്ക് തന്റെ സ്ഥലം ഉപയോഗിക്കാൻ നിവൃത്തിയില്ലയെന്നുള്ളതാണ്. നോട്ടിഫിക്കേഷൻ വന്നിരിക്കുന്നു. ഇതുപ്രകാരം മൂവിപ്പിക്കാനാണ് നോട്ടിഫിക്കേഷൻ. ആ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തിട്ട് ഇന്ന് ഇതേപ്പറ്റി ആ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റിയോ കുറെക്കാലത്തേയ്ക്ക് ആലോചിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിന്റെ ആവശ്യത്തിന് എന്നു പറഞ്ഞിട്ട് ഒരു മുനിസിപ്പാലിറ്റിയിൽ ഇതേപോലെ അക്വയർ ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി ഭൂമി മരവിപ്പിക്കുവാൻ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തിട്ടുള്ളത് കൈത്തറി തൊഴിലാളികളും താമസിക്കുന്ന സ്ഥലമാണ്. ഇന്ന് ആ പ്രദേശത്തുള്ള കൈത്തറിക്കാരെല്ലാംതന്നെ ബുദ്ധിമുട്ടുകയാണ്. അതുപോലെതന്നെ മൺകലം ഉണ്ടാക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ അവിടെനിന്ന് മണ്ണെടുത്ത് മൺപാത്രങ്ങളുണ്ടാക്കുന്നു. അവിടെ പഞ്ചായത്തിന്റെ നോട്ടിഫിക്കേഷൻ വന്നിരിക്കുന്നു. ഗവൺമെന്റിന്റെ അനുമതിയോടുകൂടി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇത്തരത്തിൽ വ്യാപകമായ രീതിയിൽ ഏത് തരത്തിലുള്ള ആവശ്യത്തിനുള്ളതായ ഭൂമിക്കും ഏത് തരത്തിലുള്ളതായ ആവശ്യക്കാർക്കും — അത്ര വലിയ നിലയിൽ വാക്കുകളും ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്നാണ് ഈ നിർവ്വചനങ്ങൾവച്ച് നോക്കുമ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിക്കുക്കു—ഭൂമി പൊന്നുംവിലയ്ക്കെടുക്കാൻ സഹായകമായ വകുപ്പുകളെല്ലാം ഈ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് പക്ഷേ ഈ ഭേദഗതി നിയമത്തിൽ ഉള്ളതായിട്ടുള്ള ഒരു ചെറിയ രക്ഷ സംസ്ഥാന ഗവൺമെന്റുകൾക്ക് മാത്രമേ ഇത് പ്രകാരം—നാലാം വകുപ്പുപ്രകാരം ഭൂമി പൊന്നും വിലക്കെടുക്കാൻ പാടുള്ളൂ എന്നതാണ്. എന്നാൽ അതിന്റെ എല്ലാ നടപടികളും അതിന്റെ എല്ലാ സ്റ്റേജസും ഒന്നുകിൽ സംസ്ഥാനഗവൺമെന്റ് അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതാണ്. നമ്മുടെ ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നത് ഇതെല്ലാം സംസ്ഥാന ഗവൺമെന്റ് തന്നെ ചെയ്യുകയാണ് എന്നുണ്ടെങ്കിൽ വളരെയധികം കാലതാമസം വരുമെന്നുള്ളതിനാൽ ഈ അധികാരം സംസ്ഥാന ഗവൺമെന്റിനോ ബോർഡ് ഓഫ് റവന്യൂവിനോ ഡിസ്ട്രിക്ട് കലക്ടർമാർക്കോ വിനിയോഗിക്കാമെന്നാണ്. ഞാൻ ഈ ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിയിലേക്ക് അയ്ക്കണമെന്നുള്ള ദേഭേദഗതിയാണ് അവതരിപ്പിച്ചിട്ടുള്ളത്, എങ്കിൽപോലും ഞാൻ വളരെ കാര്യമായി നിർദ്ദേശിക്കുകയാണ് ഇത് ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന്. ഇന്ന് ബഹുമാനപ്പെട്ട പി.ജെ. ജോസഫ് റവന്യൂ വകുപ്പു മന്ത്രിയാണ്, ഇത് പൈലറ്റ് ചെയ്യേണ്ടതായിട്ടുള്ള ചുമതല അദ്ദേഹത്തിനാണ്. അദ്ദേഹത്തിന് ഉദ്യോഗസ്ഥൻമാർ എന്തെല്ലാമോ എഴുതിക്കൊടുത്തിട്ടുണ്ട്, അതെല്ലാം ചെയ്യുന്നുണ്ട്, കാര്യമായി ആലോചിക്കാൻ ബഹുമാനപ്പെട്ട പി.ജെ. ജോസഫിന് സാധിക്കുമെന്നുണ്ടെങ്കിൽ അതിനു സമയമുണ്ട്. ഈ ബിൽ ഈ നിലയിൽ പാസ്സാക്കുകയാണെങ്കിൽ — ഞാൻ അദ്ദേഹത്തെ താക്കീത് ചെയ്യുകയാണ്— അദ്ദേഹം അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനം ഒഴിഞ്ഞ് മന്ത്രിയല്ലാതാകുന്ന കാലത്ത് നാട്ടിൽ നടക്കുമ്പോൾ അദ്ദേഹം പാസ്സാക്കിയതായിട്ടുള്ള ഈ നിയമത്തിന്റെ ദുഷ്യഫലം അനുഭവിക്കേണ്ടിവരും. 1981—ൽ മറ്റൊരു മന്ത്രി ഈ സഭയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെ സംബന്ധിച്ച ബിൽ മൂവ് ചെയ്തു ഇതേസ്ഥാനത്ത് തന്നെ ഇരുന്ന് അന്ന് മന്ത്രിയായിരുന്ന അദ്ദേഹത്തോട് ഞാൻ പറഞ്ഞു ഇതിൽ അപകടങ്ങളുണ്ട്, നോമിനേറ്റ് ചെയ്യുക എന്നുള്ള വ്യവസ്ഥ കൊണ്ടുവരുന്നത് അപകടമാണ്, അത് വ്യത്യാസപ്പെടുത്തണം. അത് ഏതെങ്കിലും തരത്തിൽ തിരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

ടുപ്പ് നടത്താനുള്ളതായിട്ടുള്ള കാര്യങ്ങളും അതിൽ ഉൾക്കൊള്ളിക്കണം എന്ന്. പക്ഷേ അന്നത്തെ മന്ത്രി അത് സ്വീകരിച്ചില്ല. അന്നത്തെ ഗവൺമെന്റ് അത് സ്വീകരിച്ചില്ല, ഞാൻ അന്നത്തെ മന്ത്രിയോടും അന്നത്തെ ഗവൺമെന്റിനോടും ഇതേ ഭാഷയിൽ പറയുകയുണ്ടായി. നിങ്ങളും മന്ത്രിസ്ഥാനത്തില്ലാത്ത സമയത്ത് ദുഃഖിക്കേണ്ടിവരുമെന്ന്. ഇന്ന് എന്താ വന്നിരിക്കുന്നത്? ഇന്ന് ഫിഷർമെൻ വെൽഫെയർ ബില്ലിൽ ആ നോമിനേഷൻ വകുപ്പ് വ്യാപകമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെന്റും ദുരുപയോഗപ്പെടുത്തുന്നതായുള്ള കാര്യത്തെക്കുറിച്ച് അല്ലേ നിങ്ങൾ വിമർശിക്കുന്നത്? ആ തരത്തിലുള്ളതായിട്ടുള്ള ഒരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ഈ അധികാരം ഭേദഗതി ചെയ്തു കൂടുതലായി വന്നിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം (1) Needs and requirements (2) Organisation for which land acquisition can be made. ഈ രണ്ട് വകുതിരിവുകളെ സംബന്ധിച്ചിടത്തോളം, ഈ രണ്ട് പുതുതായി ചേർത്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക് നിർദ്ദേശിക്കാനുള്ളത് അതു ഗവൺമെന്റോ ബോർഡ് ഓഫ് റവന്യൂവോ കൈകാര്യം ചെയ്യണമെന്നാണ്. ഡിസ്ട്രിക്ട് കളക്ടറെ ഏത് നിലയിലും മാറണം. ഡിസ്ട്രിക്ട് കളക്ടർമാരെ വിശ്വാസമില്ലാത്തതുകൊണ്ടല്ല. വളരെ വളരെ പ്രാപ്തരായിട്ടുള്ള ഡിസ്ട്രിക്ട് കളക്ടർമാരാണ് ഈ സംസ്ഥാനത്തുള്ളത് എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഡിസ്ട്രിക്ട് കളക്ടർമാർക്ക് അധികാരം കൊടുക്കാൻ പാടില്ല എന്നു പറയുന്നതിന്, കാരണം മറ്റൊന്നാണ്. ചെറിയ ചെറിയ ആവശ്യങ്ങൾക്കുവേണ്ടി, ചെറിയ ചെറിയ സ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി അക്വയർ ചെയ്യേണ്ടതാണോ അല്ലയോ എന്ന്, അതിൽ പൊതു ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതു ഓരോ ജില്ലയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതായുള്ള കാര്യമല്ല, സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു നയം അതിനുണ്ടായിരിക്കണം. സംസ്ഥാനാടിസ്ഥാനത്തിലുള്ള ആ നയം നടപ്പിലാക്കണമെങ്കിൽ അത് ഗവൺമെന്റിനോ ബോർഡ് ഓഫ് റവന്യൂവിനോ മാത്രമേ സാധിക്കുകയുള്ളു. അല്ലായെന്നുണ്ടെങ്കിൽ ഇടുക്കി ജില്ലയുടേത് ഒരു തരത്തിലായിരിക്കും, കോഴിക്കോട് ജില്ലയുടേത് ഒരു തരത്തിലായിരിക്കും, തൃശൂർ ജില്ലയുടേത് മറ്റൊരു തരത്തിലായിരിക്കും. ആ തരത്തിലുള്ളതായിട്ടുള്ള സംഘർഷാവസ്ഥകൾ ഈ വകുപ്പുകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുവാൻ പാടില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതിയിൽ നിന്ന് ഏത് നിലയിലും ഡിസ്ട്രിക്ട് കളക്ടർ എന്നുള്ളത് എടുത്തുമാറ്റണം എന്നു പറയുന്നത്. അത് സംസ്ഥാനാടിസ്ഥാനത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതായിട്ടുള്ള ഏജൻസികൾക്ക് മാത്രമേ കൊടുക്കാൻ പാടുള്ളൂ. ആ ഏജൻസികൾ രണ്ടെണ്ണം മാത്രമേയുള്ളൂ; ഗവൺമെന്റും ബോർഡ് ഓഫ് റവന്യൂവും. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യം കാലതാമസം ആണ്. ഈ ഭേദഗതികളൊന്നും ഇല്ലാതെ ഗവൺമെന്റിനുവേണ്ടി മാത്രം ഭൂമി അക്വയർ ചെയ്യുന്ന, കോർപ്പറേഷനുകൾക്ക് വേണ്ടി ഭൂമി അക്വയർ ചെയ്യുന്ന, കമ്പനികൾക്ക് വേണ്ടി പ്രത്യേകാടിസ്ഥാനത്തിൽ പ്രത്യേക വകുപ്പുകളുടെ അടിസ്ഥാനത്തിൽ അക്വയർ ചെയ്യുന്നതായിട്ടുള്ള ഇന്നത്തെ രീതിയിൽ കാലതാമസം അല്ലാതെ എന്താണ് കാണുന്നത്? ഈ ഭേദഗതികൊണ്ട് ആ

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം ഒഴിവാക്കാമോ? ഈ ദ്വേഗതികൊണ്ട് ഉണ്ടാകുന്നത് ഇന്ന് ഉണ്ടായിട്ടുള്ളതായ സ്ഥിതി വിശേഷംതന്നെ ഉറപ്പിക്കുകയാണ്. കാലതാമസം ഒഴിവാക്കുവാനായി വേറെ കാര്യങ്ങളിലേക്ക് കടക്കേണ്ടതുണ്ട്. ഇന്ന് ആ കാലതാമസം കാരണം എല്ലാവർക്കും ബുദ്ധിമുട്ടുണ്ട്. ഗവൺമെന്റിന് മാത്രമല്ല ബുദ്ധിമുട്ട്. ഗവൺമെന്റിന്റെ ബുദ്ധിമുട്ട് നിസ്സാരമായ ബുദ്ധിമുട്ടാണ്. ഗവൺമെന്റിന് ആറ് മാസത്തിനകത്തോ ഒരു കൊല്ലത്തിനകത്തോ കുറേ ഭൂമി എവിടെയെങ്കിലും വേണമെന്നുവച്ചിട്ടുണ്ടെങ്കിൽ, അത് കിട്ടിയിട്ടില്ലായെന്നുണ്ടെങ്കിൽ പബ്ലിക് ഇൻറെറസ്റ്റാണ് സഫർ ചെയ്യുന്നത്. അത്തരത്തിലുള്ളതായ ബുദ്ധിമുട്ടുകളും ഗവൺമെന്റിനേതാണ്, പൊതുജനത്തിനേതാണ്, സ്വാമാന്യം എല്ലാപേരുടേയുമാണ്. പക്ഷേ അതേ സമയത്തുതന്നെ ഭൂമി കൊടുക്കേണ്ടതായ ആളുകളെ സംബന്ധിച്ചിടത്തോളം നാലോ അഞ്ചോ കൊല്ലം ആ ഭൂമി പൊന്നുംവിലയ്ക്കെടുക്കാൻ താമസിച്ചു എന്ന കാരണത്താൽ ആ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുന്നതായ സമയത്തെ വിലയേ കിട്ടുകയുള്ളൂ. ആ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്ത് കുറേ കൊല്ലങ്ങൾ കഴിഞ്ഞാൽ അത് അക്വയർ ചെയ്യുന്നതായുള്ള സമയത്ത് എടുത്തിട്ടുള്ളതായിട്ടുള്ള ഭൂമിയുടെയെല്ലാം വില വളരെ വളരെയധികം വർദ്ധിച്ചിരിക്കും. അവർക്ക് ഇഷ്ടംപോലെ നല്ല വിലയ്ക്ക് വിൽക്കാം. പക്ഷേ പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം, ഈ ദൗർഭാഗ്യകരമായ വ്യവസ്ഥയ്ക്കും വിധേയരായിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം, അവർക്കു കിട്ടുന്നത് മുമ്പ് നോട്ടിഫിക്കേഷൻ ഇറക്കിയപ്പോഴത്തെ മാർക്കറ്റിലുള്ള വില മാത്രമാണ്. അതുകൊണ്ട് കാലതാമസം എല്ലാ വിഭാഗത്തിനേയും ബുദ്ധിമുട്ടിക്കുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കാനായി നിയമത്തിന്റെ വകുപ്പുകളല്ല തടസ്സം നിൽക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. നിയമത്തിന്റെ വകുപ്പുകളേക്കാൾ കൂടുതലായി, ഉദ്യോഗസ്ഥൻമാർക്ക് അഡ്മിനിസ്ട്രേറ്റീവ് ഇൻസ്ട്രക്ഷൻസ് കൊടുത്ത് ആ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്ട്രക്ഷൻസിന്റെ അടിസ്ഥാനത്തിൽ, നിയമം നടപ്പിലാക്കാൻ സാധിക്കണം. എന്നാൽ മാത്രമേ കാലതാമസം ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഡി.ഡി.സി.കളിൽ ഇക്കാലമത്രയും പങ്കെടുത്തതുകൊണ്ട് പല ഡിസ്ട്രിക്ട് കളക്ടർമാരുമായും ബന്ധപ്പെടുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അതിൽ ഒന്നുരണ്ട് ഡിസ്ട്രിക്ട് കളക്ടർമാർ ഡി.ഡി.സി. കളിൽ പഞ്ഞ ഒരു സംഗതി ഞാൻ ഇന്നും ഓർമ്മിക്കുന്നു. ഗവൺമെന്റ് നാളെ സാംഗ്ഷൻ തന്നാൽ 35–ാം ദിവസം ഗവൺമെന്റിന്റെ കയ്യിൽ കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യാമെന്ന് ഒന്നുരണ്ട് കളക്ടർമാർ പറഞ്ഞു. ഒന്നുരണ്ട് ദിക്കിൽ അതുപ്രകാരം കൊടുത്തിട്ടുള്ള ഡിസ്ട്രിക്ട് കളക്ടർമാരുണ്ടായിരുന്നു. റവന്യൂ ഉദ്യോഗസ്ഥൻമാർ വിചാരിച്ചാൽ ഈ പ്രവൃത്തി പെട്ടെന്നു ചെയ്യാൻ സാധിക്കും. റവന്യൂ ഉദ്യോഗസ്ഥൻമാർ അലസത പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ സ്വാഭാവികമായിട്ടും കാലതാമസം ഉണ്ടാകും. അതുകൊണ്ട് കാലതാമസത്തിന് ഈ നിയമത്തിന്റെ വകുപ്പുകളൊന്നുമല്ല തടസ്സം. പല ദുർഗ്ഗതികളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് നിയമത്തിന്റെ നൂലാമാലകൊണ്ടല്ല. ഭരണപരമായ അനാസ്ഥയും ഉദ്യോഗസ്ഥൻമാർ വേണ്ട സമയത്ത് വേണ്ടത് ചെയ്യുന്നില്ലായെന്നുള്ളതും ഉദ്യോഗസ്ഥൻമാർ [illegible] കാണിക്കുന്നില്ലായെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതും ഇതിനൊക്കെ കാരണമാണ്. അതിനെല്ലാം ഉപരി ബില്ലിന്റെ വകുപ്പുകളനുസരിച്ച് അങ്ങനെ നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിക്കുന്നില്ലായെന്ന സ്ഥിതിയുണ്ട്. ഇന്ന് അനാസ്ഥയും കാലതാമസവും ഭൂമി അകവയർ ചെയ്യുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ചും കാണാൻ സാധിക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കണമെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് കൊടുത്ത അധികാരം, പാർലമെന്റ് കൊടുത്തിട്ടുള്ള അധികാരം, ഗവൺമെന്റുകൾക്ക് മാത്രമേ ഉള്ളൂ. ലാൻഡ് അക്വിസിഷൻ വിപുലീകരിക്കുമ്പോൾ ഗവൺമെന്റിൽ മാത്രം വിശ്വാസം അർപ്പിച്ചുകൊണ്ട് കൊടുത്തിട്ടുള്ള ഈ അധികാരം വളരെയധികം— ഞാൻ ദുരുദ്ദേശത്തോടുകൂടി പറയുകയല്ല, എന്നെ ഞെറിദ്ധരിക്കരുത്—ലാഘവബുദ്ധിയോടുകൂടി ബോർഡ് ഓഫ് റവന്യൂവിനും ഡിസ്ട്രിക്ട് കളക്ടർക്കും കൊടുക്കുന്ന സ്ഥിതിവിശേഷമാണ് ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നത്.

ഭൂമി വിലയ്ക്ക് എടുക്കുന്ന കാര്യത്തിലുള്ള ബുദ്ധിമുട്ട് ഇനിയും വർദ്ധിക്കാൻ പോകുകയാണ്. ഈ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കെല്ലാം ഭൂമി എടുത്തുകൊടുക്കണമെന്നു വച്ചാൽ സാധിക്കുമോ? സൊസൈറ്റീസ് രജിസ്റ്റേർഡ് അണ്ടർ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് എന്നാൽ എന്താണ്? ഒരു നിയന്ത്രണവുമില്ലാതെ ഞാനും അഞ്ചാറ് ആളുകളും കൂടി ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യാൻ തീർച്ചയാക്കി ഡിസ്ട്രിക്ട് രജിസ്ട്രാറുടെ അടുത്തോ, ഐ.ജി. ഓഫ് രജിസ്ട്രേഷന്റെ അടുത്തോ ചെന്നാൽ, എനിക്ക് രജിസ്ട്രേഷൻ കിട്ടും. വ്യക്തിയെന്നുള്ള നിലയിൽ ആ ഭൂമി അകവയർ ചെയ്യാനുള്ള അധികാരം എനിക്കില്ല. പക്ഷേ ഏതെങ്കിലും സാംസ്കാരിക സമിതിയുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഭൂമി അകവയർ ചെയ്യാനുള്ള അധികാരം എനിക്ക് കിട്ടും. അതിന്റെ സെക്രട്ടറിയോ പ്രസിഡൻറിനോ എന്ന നിലയിൽ എനിക്ക് അധികാരം കിട്ടും: അങ്ങനെ വ്യാപകമായ തോതിൽ ഭൂമി അകവയർ ചെയ്യേണ്ടതായിട്ടുള്ള ആവശ്യങ്ങൾ ഗവൺമെന്റിന്റെ മുൻപിൽ വരും. ലോക്കൽ ബോഡികളും ഇത്തരത്തിലുള്ള സൊസൈറ്റികളും കോ—ഓപ്പറേറ്റീവ് സൊസൈറ്റികളും എല്ലാം കൂടി വരും. ഇതിനുപുറമെ പ്രൈവറ്റ് കമ്പനികളും ഇന്നുണ്ട്. ശുഷ്കിച്ച വിധത്തിലുള്ള എത്രയോ പ്രൈവറ്റ് കമ്പനികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പേരിനുള്ള പ്രൈവറ്റ് കമ്പനികളും പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും പബ്ലിക് ലിമിറ്റഡ് കമ്പനികളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതിനെല്ലാം പുറമേ ഭൂമി വേണമെന്നു പറഞ്ഞ് വരുമ്പോൾ ഓരോരുത്തർക്കും ഓരോ ഭൂമി കാട്ടിത്തരും. ആ ഭൂമിയാണോ മറ്റൊരു ഭൂമിയാണോ അകവയർ ചെയ്യേണ്ടത് എന്നു നോക്കുവാനുള്ള സമയം ഉണ്ടാകുകയില്ല. വളരെ ധൃതഗതിയിൽ ഈ തീരുമാനങ്ങൾ എടുക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അന്യായമായ രീതിയിൽ, ഏറ്റവും ചൂഷണം ചെയ്യപ്പെടുന്ന രീതിയിൽ ഇതിന്റെ വകുപ്പുകളെ ദുരുപയോഗപ്പെടുത്തുമെന്നുള്ള താക്കീത് ഞാൻ വിനയപൂർവ്വം ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് ഉണ്ടാകാതിരിക്കണമെങ്കിൽ ഈ രാജ്യത്തെ ജനങ്ങളുടെ റെസിസ്റ്റൻസ് ഉണ്ടാകണം. പൊതു ആവശ്യത്തിനുവേണ്ടി ഗവൺമെന്റ് മെഷിനറി ദുരുപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ഭൂമിയെടുക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പാടുകൾ ചെയ്യുമ്പോൾ ആ ഏർപ്പാടുകൾക്കെതിരായി ആ പ്രദേശത്തെ ജനങ്ങൾ സംഘടിതമായി മുന്നോട്ടു വരുക എന്നു പറയുന്നതു ഈ ഗവൺമെന്റിനും ലാൻഡ് അക്വിസിഷൻ നിയമത്തിനും ഭൂഷണമാണോ എന്ന് ആലോചിക്കണം.

ഭൂമി വിലയ്ക്കെടുക്കുമ്പോൾ ഇന്നു കൊടുക്കുന്ന നഷ്ട പരിഹാരത്തുക വളരെ അപര്യാപ്തമാണ്. ഗവൺമെന്റിന്റെ ആവശ്യത്തിന് ഗവൺമെന്റാണ് ഭൂമി കൊടുക്കുന്നതെങ്കിൽ, ഗവൺമെന്റ് ഓൺഡ് കോർപ്പറേഷനാണ് കൊടുക്കുന്നതെങ്കിൽ ആ ഉദ്യോഗസ്ഥൻമാർ പോയി വില നിശ്ചയിക്കും. സൊസൈറ്റീസ് രജിസ്ട്രേഡ് അണ്ടർ ദി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, ഇവരെല്ലാമാണ് ഞങ്ങൾക്ക് ഭൂമി വേണമെന്നു പറഞ്ഞുവരുന്നത്. ഈ ആളുകൾ അവരുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട്, ഡെപ്യൂട്ടി തഹസീൽദാർമാരേയോ തഹസീൽദാർമാരേയോ പിടിച്ചുകൊണ്ട് കാര്യങ്ങൾ നടത്തുന്നു. അവരെല്ലാം തെറ്റുകാരാണെന്ന് ഞാൻ പറയുന്നില്ല. അവരെ ഒന്നടങ്കം വിമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ചില സ്ഥലങ്ങളിൽ അങ്ങനെ സംഭവിച്ചേക്കും, സംഭവിക്കാൻ ഇടയുണ്ട്. പ്രാദേശിക ഉദ്യോഗസ്ഥൻമാരെ പിടിച്ചുകൊണ്ട് ഭൂമിയുടെ വില കുറയ്ക്കുന്നതായിട്ടുള്ള സ്ഥിതി വിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും. അത് ശരിയാണോ? ഇന്ന് ഭൂമിയുടെ വില കൂടിയല്ലേ വരുന്നത്? ആ ഭൂമിയുടെ വില നിശ്ചയിക്കുന്നത് ഏറ്റവും മോശപ്പെട്ട വിധത്തിലാണ്. അതൊന്നും ലാൻഡ് അക്വിസിഷൻ ആക്ടിൽ പറഞ്ഞിട്ടില്ല; ഗവൺമെന്റിന്റെ നിർദ്ദേശമാണ്. ആ നിർദ്ദേശങ്ങളിൽ ഒന്ന് അടുത്തുകിടക്കുന്ന ഭൂമിക്ക് മൂന്നുനാലഞ്ചു കൊല്ലം മുൻപ് വിറ്റിട്ടുള്ള രേഖപ്രകാരം എന്ത് സംഖ്യ കൊടുത്തിട്ടുണ്ടോ, അത് കൊടുക്കണമെന്നാണ്. ഇൻഡ്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് നമ്മൾ കൊടുക്കുന്ന ഭൂമിയുടെ വില രേഖയിൽ വച്ചിട്ടുണ്ടോ? കിട്ടുന്നതിനേക്കാൾ കുറഞ്ഞ വിലയല്ലേ നാം വയ്ക്കുന്നത്. രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും കുറയ്ക്കാൻ വേണ്ടി ഒരുലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിൽ വയ്ക്കുന്നത് അൻപതിനായിരം രൂപ എന്നായിരിക്കും.

ബഹുമാനപ്പെട്ട മാണി അദ്ദേഹത്തിന്റെ ആറാമത്തേയോ ഏഴാമത്തേയോ എട്ടാമത്തേയോ ബഡ്ജറ്റ് പ്രസംഗം അല്ലേ നടത്തിയത്. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു, രജിസ്ട്രേഷൻ ഡോക്യുമെന്റിൽ ഭൂമിയുടെ വില കുറച്ചെഴുതുന്നതിനെതിരായി നടപടികൾ എടുക്കുമെന്ന്. അത് സ്വാഗതാർഹമായിരുന്നു. കാരണം അതിന് നടപടിയെടുത്തിട്ടുണ്ടെങ്കിൽ ലാൻഡ് അക്വയർ ചെയ്യുമ്പോൾ ശരിയായിട്ടുള്ള വില കൊടുക്കേണ്ടേ? അത് വ്യത്യാസപ്പെടുത്തേണ്ടതായിട്ട് വരുകയില്ലേ? പക്ഷേ ഇന്നുവരേയും അത്തരത്തിലുള്ള യാതൊരു നടപടിയും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്. അത് ചെയ്യാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. എന്തോ ധൃതിയിൽ പറഞ്ഞുപോയതാണെന്നു മാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളു. ലാൻഡ് അക്വിസിഷൻ വേണമെന്നു പറയുന്ന ഗവൺമെന്റ് ഒരിക്കലും ഒരു രേഖയിലും ഭൂമിയുടെ വില വർദ്ധിപ്പിക്കണമെന്നു പറയുകയില്ല. അതിന് ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനേയും ഡിസ്ട്രിക്ട്

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറുടെയും ഒക്കെ എൻകപയറിയുണ്ട്. ആ എൻകപയറിക്കുള്ള പ്രൊവിഷൻ ഇതിലുണ്ട്. പക്ഷേ അതിൽനിന്നും വ്യത്യസ്തമായി രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട്, കൂടുതൽ വിൽപ്പന വില കൊടുക്കുകയെന്നുള്ള സ്ഥിതിവിശേഷം രജിസ്ട്രേഡ് ഡോക്കുമെൻറിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ട് സാധാരണഗതിയിൽ ഗവൺമെൻറ് ഇതിനെ അനുകൂലിക്കുകയില്ല. അതുകൊണ്ട് ഗവൺമെൻറ് ഇതുവരേയും ഇക്കാര്യത്തിൽ ഒന്നും ചെയ്യാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ഏതായാലും ഗവൺമെൻറ് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഭൂമി ഏറെറടുത്ത് കൊടുക്കുമ്പോൾ വളരെ ചുരുങ്ങിയ വിധത്തിൽ മാത്രമേ വില കൊടുക്കുന്നുള്ളു എന്നു മനസ്സിലാക്കണം. അതുകൊണ്ട് ഒരു മാതിരി എല്ലാ ലാൻഡ് അകിസിഷൻ കേസുകളും കോടതികളിൽ പോകുകയാണ്. പണം കെട്ടിവച്ചിട്ടുണ്ടായിരിക്കാം, ഭൂമി കൈവശമുണ്ടായിരിക്കാം. പക്ഷേ ആ കാര്യം അവസാനമായി തീരുമാനിക്കുന്നത് സബ്കോർട്ടുകളിലും ഹൈക്കോടതിയിലും ചിലത് സുപ്രീം കോടതിയിലും ആണ്. ഇത്തരത്തിൽ ലാൻഡ് അകിസിഷൻ പ്രൊസീഡിങ്ങ്സ് കൊല്ലങ്ങളോളം നീണ്ടുപോകുന്ന അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇത് അവസാനിപ്പിക്കാനുള്ള ഒരു നിർദ്ദേശവും ഈ ബില്ലിലോ, ഗവൺമെൻറിൻെറ ഭരണപരമായ നടപടികളിലോ കാണാൻ സാധിക്കുന്നില്ല എന്നുള്ളതാണ് സത്യം. ഇത്തരത്തിലുള്ള കേസുകൾ കോടതിയിൽ പോയാൽ കോടതികൾ അനേപഷിക്കാൻ തുടങ്ങിയിട്ടുണ്ട്. അപ്പുറത്തേയോ ഇപ്പുറത്തേയോ രേഖ നോക്കി വില തീരുമാനിക്കുന്നത് ശരിയല്ലായെന്ന് കോടതികൾ പറയാൻ തുടങ്ങിയിട്ടുണ്ട്. ഈ രാജ്യത്ത് നടക്കുന്ന കാര്യങ്ങളെല്ലാം നോക്കാനുള്ള അധികാരം കോടതികൾക്കുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം ഇത്രയധികം വില കുറഞ്ഞിട്ടുണ്ടോ എന്ന് കാണേണ്ടതായിട്ടുണ്ട്. അങ്ങനെ അഭിപ്രായപ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ ചില ഫോർമുലകൾ വച്ചുകൊണ്ട് ലാൻഡ് അകിസിഷൻ ഉദ്യോഗസ്ഥൻമാർ കൊടുക്കുന്ന നഷ്ട പരിഹാരം തുകയേക്കാൾ എത്രയോ കൂടുതലാണ് കോടതിയിൽ പോയാൽ അവർക്ക് കിട്ടുന്നത്.

ഞാൻ താമസിക്കുന്ന തൃക്കാക്കരയിൽ ഒരു റോഡിനു വേണ്ടി എച്ച്.എം.ടി. ഭൂമി കൊടുത്തിട്ടുണ്ട്. എച്ച്.എം.ടി. കുറേ പ്രദേശത്തെ ഭൂമിയെ കൊടുത്തിട്ടുള്ളു. അതു കഴിഞ്ഞിട്ട് ബാക്കിയുള്ള പ്രദേശം ഫ്രീസ് ചെയ്യാനായി നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. നോട്ടിഫിക്കേഷൻ വന്നിട്ട് പത്തുപന്ത്രണ്ട് കൊല്ലമായി. ഇത്രയും കൊല്ലത്തിനിടയ്ക്ക് തൃക്കാക്കരയിൽ ഭൂമിക്ക് സെൻറിന് 500 രൂപയുണ്ടായിരുന്നത് ഇപ്പോൾ പതിനായിരം രൂപയായി. ആ അഞ്ഞൂറ് രൂപയേ ഇന്ന് കൊടുക്കുകയുള്ളു. ഇത്തരത്തിലുള്ള തെറായ നടപടികളുടെ അടിസ്ഥാനത്തിൽ ഈ രാജ്യത്തിലെ പൗരൻമാർ, സ്വത്തുടമകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആ ബുദ്ധിമുട്ട് പരിഹരിക്കണമെന്നുണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി, ന്യായമായ നഷ്ടപരിഹാരം അവർക്കെല്ലാം കൊടുക്കാമെന്നു പറഞ്ഞത് ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നാലോ അഞ്ചോ ദിവസം മുമ്പ് ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ പറയുകയുണ്ടായി, ഓർഡിനൻസ് ഭരണം എന്നു പറഞ്ഞാൽ റബ്ബർസ്റ്റാമ്പ് ഭരണമാണെന്ന്. 12 മാർച്ച് നിയമസഭ റബ്ബർസ്റ്റാമ്പാകുകയാണെന്ന്. ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സിൽ കാണുകയുണ്ടായി ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഏറ്റവും അധികം ഓർഡിനൻസുകൾ നിലവിലുള്ളത് കേരളത്തിലാണെന്ന്. രണ്ടു കൊല്ലം മുമ്പ് ഈ ദുഷ്പ്പേരു ബീഹാറിനായിരുന്നു. ഇന്നു ബീഹാറിനതു തുടച്ചു കളയാൻ സാധിച്ചു. ഇന്നു ആ ദുഷ്പേരു കേരളം എടുത്തിരിക്കുകയാണ്. ഇക്കാലമത്രയും ഒരൊറ്റ ഓർഡിനൻസ് പോലും കേന്ദ്രഗവൺമെൻറ് രണ്ടാമതും പുറപ്പെടുവിച്ചിട്ടില്ല. ഒരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നാൽ, പാർലമെൻറ് കൂടി 6 ആഴ്ചക്കകം അതു നിയമമാക്കും. ഇവിടെ രണ്ടും മൂന്നും പ്രാവശ്യം പ്രഖ്യാപിച്ചതിനുശേഷം നിയമമാക്കിയിട്ടുള്ള ഓർഡിനൻസുകളുണ്ട്. ഇതിൽ നിഴലിച്ചുകാണുവാൻ സാധിക്കുന്നത് നമ്മുടെ നിയമസഭ ഒരു റബ്ബർസ്റ്റാമ്പായി മാറുന്നതാണ്. ഇപ്പോഴും പുതിയ ഒരു വകുപ്പായി ക്ലാസ് 7 കൊണ്ടുവന്നിട്ടുണ്ട്. ക്ലാസ് 7—ൽ പറയുന്നത് ഈ ഓർഡിനൻസ് റദ്ദാക്കപ്പെട്ടാലും, ഈ ഓർഡിനൻസിൻെറ തീയതി മുതൽക്കല്ല ഏത് ഓർഡിനൻസ് ആദ്യം പ്രഖ്യാപിച്ചോ ആ ഓർഡിനൻസിൻെറ തീയതി മുതൽ പിൽക്കാല പ്രാബല്യത്തോടുകൂടി നടപ്പാക്കുമെന്നാണ്. ഇപ്രകാരമുള്ള പിൽക്കാല പ്രാബല്യം നൽകുന്നതുവഴി നിയമസഭയുടെ അധികാരം തീരെ അവഹേളിക്കുകയാണ്. ഈ സ്ഥിതിവിശേഷം നിയമനിർമ്മാണകാര്യത്തിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ഈ നിയമസഭയ്ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഈ രാജ്യത്തെ ജനങ്ങളുടെ ബുദ്ധിമുട്ടാണ്. ഒരു നിയമത്തിലും വേണ്ടത്ര ഭേഗതികൾ കൊണ്ടുവരാൻ നിവൃത്തിയില്ല. ഭേഗതികൾ കൂടാതെ നിയമം കൊണ്ടുവന്നിട്ട് പിന്നീട് ഭേഗതികൾ കൊണ്ടുവരുമ്പോൾ ആ ഭേഗതികൾക്കും പിൽക്കാല പ്രാബല്യം കൊടുക്കാൻ ഭരണപരമായ ബുദ്ധിമുട്ടുണ്ടാകും. ഭരണപരമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടി നിയമസഭയിൽ കൊണ്ടുവരുന്ന ഭേഗതികൾ സ്വീകരിക്കുകയില്ല എന്ന പിടിവാശി ഗവൺമെൻറിന് സ്വീകരിക്കേണ്ടി വരുന്നു. അതുവഴി ഈ നിയമസഭ റബ്ബർസ്റ്റാമ്പായി മാറുന്നു. ഈ ബില്ല് വളരെ ദൂരവ്യാപകമായ ഫലങ്ങളും ദൂരവ്യാപകമായ ബുദ്ധിമുട്ടുകളും ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് ഇതിനെ ഞാൻ എതിർക്കുന്നു. ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. വി.കെ. രാജൻ: സർ, ഞാൻ ഈ ബില്ല് പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ള ഭേഗതിയെ അനുകൂലിക്കുന്നു.

ബഹുമാന്യനായ വ്യവസായവകുപ്പുമന്ത്രി ശ്രീ. അഹമ്മദിനു വേണ്ടി ഒരു ബില്ല് കൊണ്ടുവന്നിരിക്കുകയാണ്. സ്വയംതൊഴിൽ കണ്ടെത്തുക എന്നുള്ള ഒരു പരിപാടി മുഖേന ഈ ബില്ല് നടപ്പാക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഏതെങ്കിലും സൊസൈറ്റി ആവശ്യപ്പെട്ടാൽ ഭൂമി എടുത്തു കൊടുക്കണമെന്നാണ് ഈ ബില്ലിൽ പറയുന്നത്. നമ്മുടെ രാജ്യത്തു സൊസൈറ്റികൾ ഉണ്ടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വലിയ പ്രയാസമൊന്നുമില്ല. ഇതിന് മാതൃകയായി മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആന്തുലേ ഇന്ദിരാപ്രതിഭാപ്രതിഷ്ഠാൻ എന്നൊരു ട്രസ്റ്റുണ്ടാക്കി. അതിന്റെയടിസ്ഥാനത്തിൽ അവിടെ നടന്ന വിക്രിയകൾ എന്തൊക്കെയാണെന്ന് നമുക്കറിയാം. മുഖ്യമന്ത്രിപദം പോയെന്നു മാത്രമല്ല അതിന്റെ കേസുമായി ഇപ്പോഴും അദ്ദേഹം കോടതി കയറിയിറങ്ങുകയാണ്. അതിന്റെ ഒരു അനുബന്ധമാണ് ഇവിടെ ഉണ്ടാക്കാൻ പോകുന്നത് മഹാൻമാരെന്നു തങ്ങൾക്കു തോന്നുന്ന ആളുകളുടെ പേരിൽ ഒരു ട്രസ്റ്റോ സൊസൈറ്റിയോ ഉണ്ടാക്കിയിട്ട് ആ സൊസൈറ്റിക്ക് ആവശ്യമുള്ള സ്ഥലം എടുത്തുകൊടുക്കും എന്നു പറയുന്നു. ഇവിടെ രേണുകക്ഷിക്കുത്തു ബഹുമാന്യനായ മുഖ്യമന്ത്രിയോടു തന്നെ പലതരത്തിൽ പ്രതികരിക്കുന്ന ആളുകളുണ്ട്. അദ്ദേഹത്തെ ഇഷ്ടം ഉള്ള ആളുകളുണ്ട്. അദ്ദേഹത്തെ വെറുക്കുന്ന ആളുകളുണ്ട്. ശ്രീ. രാമചന്ദ്രൻ മാസ്റ്ററേയും ശ്രീ. കുട്ട്യാലിയേയും പോലെയുള്ളവർക്ക് കരുണാകരൻ പ്രതിഭാ പ്രതിഷ്ഠാൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഭൂമി ഏറ്റെടുത്ത് അത് വിൽക്കുന്നതിനും അതൊരു കച്ചവടമാക്കി കൊള്ളലാഭമുണ്ടാക്കുന്നതിനുമുള്ള സാഹചര്യത്തിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നതിനും ഇതുവഴി വളരെ എളുപ്പമാണ്. അങ്ങനെ ചെയ്താലും അതു ചോദ്യം ചെയ്യാൻ കഴിയാത്ത വിധത്തിൽ ഒരു സംവിധാനം വരും. ശ്രീ. പി. റ്റി. ചാക്കോയുടെ പേരു നിലനിർത്താൻവേണ്ടി റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫും, അതിൽ മൽസരിച്ച്—ഭയനം നടന്നിട്ടുണ്ടെങ്കിലും—ബാലകൃഷ്ണപിള്ള പ്രശ്നത്തിന്റെ പേരിൽ പൊട്ടിത്തെറിക്കാൻ പാകത്തിൽ നിൽക്കുന്ന മറുഭാഗവും ശ്രമിക്കും. കേരളാ കോൺഗ്രസ്സിന്റെ ഇടയിൽ ഇപ്പോഴും തന്നെ ഭിന്നിപ്പുണ്ട്. അവർ തമ്മിൽ ഭിന്നിക്കാൻ ഇനി വലിയ കാലതാമസമില്ല. ഇപ്പോഴും തന്നെ അത് ആരംഭിച്ചിട്ടുണ്ട്. ശ്രീ. ബാലകൃഷ്ണപിള്ള പോയി ഗംഗാധരന്റെ കാല് പിടിച്ചത് മി. ജോസഫിനോട് ചോദിച്ചിട്ടില്ല. അദ്ദേഹമാണ് പാർട്ടിയുടെ ചെയർമാൻ അങ്ങനെ ആരോടും ചോദിക്കാതെ ചെന്നു കാല് പിടിച്ചതിന്റെ അനുഭവും എങ്ങനെയുണ്ട്? മുഖ്യമന്ത്രിയുടെ അടുത്തു ചെന്നു. എൻ. എസ്. എസ്സിന്റെ നേതാവ് ഗംഗാധരൻപിള്ള.....

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഭിന്നിക്കുന്തോറും വളരുകയും വളരുന്തോറും ഭിന്നിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയാണ് കേരള കോൺഗ്രസ്സെന്നു മെമ്പർക്കറിഞ്ഞുകൂടേ?

ശ്രീ. വി.കെ. രാജൻ: ഭിന്നിക്കുക, യോജിക്കുക, വീണ്ടും പിളരുക, അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. എൻ.എസ്.എസ്സിന്റെ ആളായ ശ്രീ. ഗംഗാധരൻപിള്ളയുടെ അടുത്ത് പോയി മുഖ്യമന്ത്രിയുടെ അടുത്തുപോയി. കേരളാകോൺഗ്രസ്സിന് ഒരു ആത്മാഭിമാനമുള്ള പാർട്ടിയാണെങ്കിൽ.....

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: ശ്രീ. ബാലകൃഷ്ണപിള്ള ഇരട്ട മെമ്പർഷിപ്പുള്ള മെമ്പറാണെന്ന കാര്യം മെമ്പർക്കറിയാമോ?

ശ്രീ. വി.കെ. രാജൻ: ശ്രീ. ബാലകൃഷ്ണപിള്ള എൻ.ഡി.പി. യുടെ ആളാണ്, കേരള കോൺഗ്രസ്സിന്റെ ആളാണ്, ഇനി ആർ.എസ്.എസ്സിന്റെ ആളായാലും തകരാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. തങ്കപ്പൻ: അദ്ദേഹം ഇപ്പോഴും പുതിയ ഒരു പാർട്ടി രൂപീകരിക്കാൻ പോകുന്ന കാര്യം മെമ്പർക്കറിയാമോ?

ശ്രീ. വി.കെ. രാജൻ: തൃശൂർ എക്സ്പ്രസ്സിൽ അങ്ങനെയൊരു വാർത്ത വന്നു. കേരള കോൺഗ്രസ്സ് അതുകണ്ടുകാണുകയില്ല. കണ്ടെങ്കിൽ നടപടി സ്വീകരിക്കുമായിരുന്നല്ലോ? ഞാൻ മി. ജേക്കബ്ബിനോട് ഒരുകാര്യം ചോദിക്കുകയാണ്, ബാലകൃഷ്ണ പിള്ള നിങ്ങളോട് ചോദിച്ചുകൊണ്ടാണോ മുഖ്യമന്ത്രിയേയും ശ്രീ. ഗംഗാധരനേയും കണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: മെമ്പർ ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നു സംസാരിക്കണം.

ശ്രീ. വി.കെ. രാജൻ: ഞാൻ ബില്ലിലേക്ക് തന്നെയാണ് വരുന്നത്. സൊസൈറ്റിക്കുവേണ്ടി ഭൂമി വിലയ്ക്കെടുക്കാമെന്ന് ഇതിൽ പറഞ്ഞിരിക്കുന്നു. അങ്ങനെയാണെങ്കിൽ ശ്രീ. പി.റ്റി. ചാക്കോയുടെ പേരിൽ, ശ്രീ. കരുണാകരന്റെ പേരിൽ, മന്നത്തു പത്മനാഭന്റെ പേരിലൊക്കെ ട്രസ്റ്റുണ്ടാക്കി ഇതൊരു വ്യവസായമാക്കി മാറ്റാൻ ഭരണകക്ഷിക്കാർക്ക് അവസരം കൊടുക്കുന്ന ഏർപ്പാടായി ഇതു മാറും. ആ വ്യവസ്ഥ എടുത്തുമാറ്റണം, അതു പാടില്ല. ഭൂമി മരവിപ്പിച്ചെടുക്കൽ ഒരു ലാഭക്കച്ചവടമാക്കി മാറ്റരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ശങ്കരനാരായണൻ എഴുത്തച്ഛനും നാണു എഴുത്തച്ഛനും ഭൂമി കള്ളക്കച്ചവടം നടത്തി കോടിക്കണക്കിന് ഉറുപ്പിക ഉണ്ടാക്കിയ കാര്യം ഞാൻ ഈ നിയമസഭയിൽ രേഖാമൂലം എഴുതി അവതരിപ്പിച്ചതാണ്. എന്നിട്ട് എന്തു നടപടി എടുത്തു? തൃശൂർ മുനിസിപ്പാലിറ്റിയിൽ മരവിപ്പിച്ച ഭൂമിയിൽ 5 നില കെട്ടിടം ഉയർന്നു വരുന്നു എന്നു ശ്രീ. കെ.പി അരവിന്ദാക്ഷൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. എന്തു നടപടി സ്വീകരിച്ചു? അതിലൊക്കെ ലക്ഷങ്ങളുടെ കവർച്ച നടക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഈ നിയമം നടപ്പിലാക്കുന്നത് ഭരണകക്ഷി അംഗങ്ങൾക്കുവേണ്ടിയാണെന്നും, ഈ നിയമത്തിന്റെ മറവിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി രക്ഷാധികാരിയായ അദ്ദേഹത്തിന്റെ പ്രൈവറ്റ് സ്റ്റാഫ് അംഗങ്ങളുടെ ഭാര്യാ ഹിത്തത്തിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു കോളേജുകളും മറ്റു സ്ഥാപനങ്ങളും നടത്തുന്നുണ്ടെന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. രാജൻ: അങ്ങനെ എന്തും കേരളത്തിൽ നടക്കും, ഇവിടെ നടക്കാത്ത എന്തെങ്കിലും ഒരു കാര്യം ഉണ്ടോ? സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനം ഇത്രയേറെ അധഃപതിച്ച ഒരു കാലഘട്ടം ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഞാൻ പറഞ്ഞുവന്നത് ഭൂമി മരവിപ്പിക്കലിനെക്കുറിച്ചാണ്. ബഹുമാന്യനായ മുഖ്യമന്ത്രിക്കെതിരായി ഞാൻ ഉന്നയിച്ചിരുന്ന ആരോപണം പ്രാധാന്യമുള്ള ഒന്നാണ്. നമ്മുടെ മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ എന്നെനിക്കറിയില്ല ഇന്ന് തൃശൂർ പട്ടണത്തിൽ ഭൂമി മരവിപ്പിച്ചുകൊടുക്കലും വാങ്ങലും നിർബാധം നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: ഈ പുതിയ ഭൂനിയമം അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ 3 (1) നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള ഭൂമി ശങ്കരനാരായണൻ എഴുത്തച്ഛനും കൊടുത്തതും ശ്രീ. അച്യുതമേനോൻ ഹൈക്കോടതിയിൽ കേസ്സും കൊടുത്തു സ്റ്റേ ചെയ്തുവെങ്കിലും "4 (1) നോട്ടിഫിക്കേഷൻ" എന്ന ഭേദഗതി വന്നതോടുകൂടി അത് മരവിപ്പിച്ച ഭൂമി അല്ലാതാക്കുകയും പുതിയ നോട്ടിഫിക്കേഷൻ വരാത്ത പക്ഷം അവർക്കൊക്കെ ഈ കേസിൽ രക്ഷകിട്ടുകയും ചെയ്യുമെന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാകാൻ പോകുന്നതെന്ന് മെമ്പർക്കറിയാമോ?

ശ്രീ. വി.കെ. രാജൻ: ഇതെല്ലാം കരുണാകരൻ.....

ശ്രീ. ടി.എം. ജേക്കബ്: ഒരു സംശയം. മൂന്നു ബില്ലുകൾക്കും ഷെഡ്യൂൾ ഉണ്ട്. ഇതു മൂന്നും ഇന്നു എടുക്കുന്നുണ്ടോ? അതോ ഒന്നു മാത്രമേ എടുക്കുന്നുള്ളോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്നും എടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. വി.കെ. രാജൻ: കൊച്ചി നഗരവികസന അതോറിറ്റിചെയ്ത ഒരു കുറ്റമാണ് ഞാനിപ്പോൾ പറയുന്നത്. നമ്മുടെ സംസ്ഥാനത്തിലെ ഏതെങ്കിലുമൊരു കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭൂമി എടുക്കാൻ കഴിയുന്നുണ്ടോ? ഒറ്റശേഖരമംഗലം പഞ്ചായത്തിൽ കഴിഞ്ഞ ആറു വർഷക്കാലമായി ഒരു പൊതുആവശ്യത്തിനുവേണ്ടി ഭൂമിയെടുക്കാൻ തീരുമാനിച്ചു. നാലുപ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു സ്റ്റേ ചെയ്തു കൊടുത്തു. 5 പ്രാവശ്യം ശ്രീ. പി.ജെ. ജോസഫ് അതു സ്റ്റേ ചെയ്തു കൊടുത്തു. അവസാനമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്റ്റേ കൊടുത്തിട്ടിരിക്കുകയാണ്. ഇതാണ് ഒരു പഞ്ചായത്തിൽ നടക്കുന്ന കാര്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി.എം. സുന്ദരം ചെയ്യുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടപ്രകാരം അല്ലായെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ദയവായി ബില്ലിന്റെ കാര്യം സംസാരിക്കുക. മറുപടി മന്ത്രി പറയും.

ശ്രീ. വി.കെ. രാജൻ: സർ, ഞാൻ ബില്ലിന്റെ കാര്യമാണ് സംസാരിക്കുന്നത്. മരവിപ്പിച്ച ഭൂമി ഏറ്റെടുത്തു കച്ചവടം ചെയ്തു രാഷ്ട്രീയ കൈകടത്തൽ നടത്തി കൊള്ളലാഭം അടിക്കുന്ന ഭരണകക്ഷിക്കാരുടെനേരെ വിരൽ ചൂണ്ടിയാണ് സംസാരിക്കുന്നത്. ഇത് ബില്ലിന്റെ ഭാഗമാണ് എന്നാണ് എന്റെ വിശ്വാസം. അതു പരിഹരിക്കുന്നതിന് ഒരു നടപടിയും ഗവൺമെന്റു സ്വീകരിക്കുന്നില്ല. മരവിപ്പിക്കുക എന്നുള്ളത് ഒരു പുതിയ നയമായി, ബിസിനസ്സ് ആയി സ്വീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, കോൺഗ്രസ്സ് (ഐ) ലേക്ക് അകപ്പെടുന്നതിനുവേണ്ടി ശ്രീമതി എം. കമലം, ശ്രീ. കെ. ശിവദാസൻ തുടങ്ങിയവരെ മരവിപ്പിച്ചു വച്ചിരിക്കുന്നത് മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. രാജൻ: അതറിയാം. എന്നു മാത്രമല്ല അവരിപ്പോഴും കോൺഗ്രസ്സ് (ഐ) ലെ അസോഷിയേറ്റ് മെമ്പർമാരാണ് എന്നതാണെന്റെ ധാരണ.

മറ്റൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ ഭവന നിർമ്മാണ ബോർഡിനുവേണ്ടി സ്ഥലമെടുക്കുന്നു. ഏറ്റവും കൂടുതൽ ആളുകളും തിങ്ങിപ്പാർക്കുന്ന ഈ പട്ടണത്തിൽത്തന്നെ അതു വേണോ? സാധാരണക്കാരായ അഞ്ചുപത്തു സെന്റുഭൂമിയുള്ള ആളുകളുടെ ഭൂമി മരവിപ്പിച്ചിടുകയും അതു വലിയ പ്രമാണിമാരായ ആളുകൾക്ക് കൊടുക്കുകയും ചെയ്യുന്നു. ഒരു ആസൂത്രിതപരിപാടിയുടെ അടിസ്ഥാനത്തിൽമാത്രം ഈ കാര്യങ്ങൾ നടത്തണമെന്നാണ് ഞാൻ പറയുന്നത്. അതിനൊരു ആസൂത്രിത നയം ആവിഷ്ക്കരിക്കണം.

ശ്രീ. ജി. കാർത്തികേയൻ: സർ, ബഹുമാനപ്പെട്ട വി.കെ. രാജന്റെ പാർട്ടിയിലെ നേതാവു ശ്രീ. ചന്ദ്രശേഖരൻനായർക്ക് ഹൗസിങ്ങ് ബോർഡിന്റെ ചാർജ് ഉണ്ടായിരുന്ന സമയത്താണ് ഈ നഗരത്തിലെ ഭൂമിയെല്ലാം പിടിച്ചെടുത്ത് ശ്രീ. രാജന്റെ പാർട്ടിയിലെ ഉത്തരവാദപ്പെട്ട എല്ലാ ആൾക്കാർക്കും, മോസ്കോയിൽ വരെ ജോലിയുള്ള എല്ലാ ആളുകൾക്കും കൊടുത്തത്. ഇക്കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. രാജൻ: അങ്ങനെയൊരു നടപടിയുണ്ടായിട്ടില്ല. ശ്രീ. ചന്ദ്രശേഖരൻ നായരുടെ കാലത്ത് ഭൂമി മുഴുവൻ മരവിപ്പിച്ചു എന്നു പറയുന്നത് അവാസ്തവമാണ്.

സർ, ഇവിടെ പൊന്നുംവിലയ്ക്ക് ഭൂമിയെടുക്കുന്നുവെന്ന് പറയുന്നു. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നാലഞ്ചു സ്ഥലത്ത് പാലത്തിനും റോഡിനുംവേണ്ടി ഭൂമി എടുത്തു. ആറേഴ് വർഷമായി മന്ത്രിയോടു പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ആ പണം കൊടുത്തിട്ടില്ല. അഞ്ചുവർഷത്തിനുമുമ്പ് സ്ഥലമെടുത്താൽ ഇപ്പോൾ കൊടുക്കുന്ന വിലയെന്താണ്? നിസ്സാരവിലയാണ്. ഈ വിലകൊണ്ട് കുടികിടപ്പുകാരായ ആളുകൾ അന്നുവിട്ടുകൊടുത്ത ഭൂമിക്കു പകരമായി ഇന്ന് ഭൂമി വാങ്ങിക്കാൻ നിവൃത്തിയില്ല. അന്ന് ആയിരവും രണ്ടായിരവും കൊടുത്താൽ കിട്ടുന്ന സ്ഥലത്തിന് ഇന്ന് ഇരുപത്തയ്യായിരം വരെ കൊടുക്കണം. വിശേഷിച്ച് കൊടുങ്ങല്ലൂർപോലുള്ള തീരപ്രദേശങ്ങളിൽ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പൊന്നും വിലയ്ക്കെടുക്കുന്ന കാര്യമാണല്ലോ ശ്രീ. വി.കെ. രാജൻ സംസാരിക്കുന്നത്. കോൺഗ്രസ് (ഐ) ചില ആളുകളെ പൊന്നുംവിലക്കെടുക്കാൻ വേണ്ടി നമ്മുടെ സി.വി. പത്മരാജൻ ഒരു വലിയ ചാക്കുമായി പുറപ്പെട്ട വിവരം ശ്രീ. രാജന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. രാജൻ: ശ്രീ. പത്മരാജന്റെ ഏകപണി ഇപ്പോഴതാണ്. അദ്ദേഹമിപ്പോൾ 15 ദിവസത്തിനുള്ളിൽ കുറേയാളുകൾ വരുമെന്നാണ് പറഞ്ഞത്. അതു കേരളാകോൺഗ്രസ്സിന്റെ അന്ത്യശാസനംപോലെയല്ലായെന്നും പറഞ്ഞിട്ടുണ്ട്. കേരളാ കോൺഗ്രസ് അതിനെക്കുറിച്ച് പ്രതികരണമൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ: സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലെ അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയല്ല കോൺഗ്രസ്സ്. കോൺഗ്രസ്സിൽ ധാരാളം ആളുകൾ വന്നുകൊണ്ടേയിരിക്കും. അതിന് അസൂയപ്പെട്ടിട്ട് എന്താണ് കാര്യം.

ശ്രീ. വി.കെ. രാജൻ: സർ, അതോടുകൂടി അതു പൂർണ്ണമാകും. ഇൻഡ്യൻ പ്രധാനമന്ത്രിക്ക് എന്തെങ്കിലും സംഭവിച്ചാൽ ശ്രീ. കെ. കരുണാകരൻ പ്രധാനമന്ത്രിയാവുകയില്ല. രാമചന്ദ്രൻ മാസ്റ്റർക്ക് അതിന്റെ തൊട്ടടുത്തുപോകാൻ പറ്റുകയില്ല. ശ്രീ. രാഹുൽ വളർന്നുവരണം.

സർ, ഞാൻ സൂചിപ്പിച്ചത്, നാലഞ്ചുവർഷമായി ഭൂമി അക്വയർ ചെയ്തു, ആളുകൾക്ക് ഇന്നുകൊടുക്കുന്ന വിലയ്ക്ക് ഭൂമി കിട്ടാതെ വരുന്നതിന്റെ ഫലമായിട്ട് വളരെ പ്രയാസമനുഭവിക്കേണ്ടി വരുന്നു എന്നാണ്. ആ വില കൂട്ടിക്കിട്ടാൻ എന്തെങ്കിലും നടപടിവേണം. അപ്പീൽ കൊടുക്കാൻ പ്രൊവിഷനുണ്ട് എന്നാണ് പറയുന്നത്. എവിടെയാണ് അപ്പീൽ കൊടുക്കാൻ കഴിയുക? കോടതിയിലാണോ? പരിപാവനമായ കോടതിയുടെ എല്ലാ മഹത്വവും കളഞ്ഞുകുളിച്ച ഒരു സംസ്ഥാനമാണിത്.

ശ്രീ. ടി.എം. ജേക്കബ്: സർ, സഭയുടെ മുമ്പാകെയുള്ള ഷെഡ്യൂൾ, ബിസിനസ് അഡൈ്വസറി കമ്മിറ്റി അംഗീകരിച്ച് സഭയിൽ അംഗീകരിച്ച ഒരു ഷെഡ്യൂൾ ആണ്. ആ ഷെഡ്യൂൾ അനുസരിച്ച് അങ്ങ് സമയം നിശ്ചയിച്ചാൽ മതി.

ശ്രീ. വി.കെ. രാജൻ: സർ, വില ആളുകൾക്ക് കിട്ടുന്നില്ലായെന്ന ഒരു ആക്ഷേപം ഞാൻ ഉന്നയിച്ചിരുന്നു. വില കൂടുതൽ കിട്ടണം. എന്നാൽ അതിനുവേണ്ടി കോടതിയിൽ അപ്പീൽ കൊടുക്കാൻ പോയാൽ! കോടതിയിൽ ആളുകൾക്ക് വിശ്വാസം ഇപ്പോഴുണ്ടോ? നമ്മുടെ സംസ്ഥാനത്ത് കോടതിയിലുള്ള ജനങ്ങളുടെ വിശ്വാസം കുറഞ്ഞിരിക്കുന്നു. അതിന് പ്രധാനമായ കാരണം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ കോടതിയുടെ കാര്യങ്ങളിൽ ഇടപെടുന്നുവെന്നതാണ്. കോടതിയിൽ ഇടപെട്ടതിന്റെ ഫലമായി ആളുകൾക്ക് വിശ്വാസം കുറഞ്ഞിരിക്കുന്നു. രാവിലെ അതിനെക്കുറിച്ച് ചർച്ച നടന്നതാണ്. ശ്രീ. എം.വി. രാഘവൻ ഇവിടെ പ്രഞ്ഞു. കോടതിയിൽ അപ്പീൽ കൊടുത്തുകഴിഞ്ഞാൽ ആളുകൾക്ക് കൂടുതൽ വില ലഭിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിപോലും ഉണ്ടാക്കിയിരിക്കുന്നു. കാരണം വിശ്വാസമില്ലാത്ത ജഡ്ജിമാർ അവിടെയിരിക്കുന്നു. നാട്ടിലിതൊക്കെ അങ്ങാടിപ്പാട്ടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരും പറഞ്ഞകാര്യമാണല്ലോ. മി. രാജൻ കൂടി പറയേണ്ടതുണ്ടോ?

ശ്രീ. വി.കെ. രാജൻ: അപ്പീലിനു വിധി പ്രഖ്യാപിക്കുന്ന ജഡ്ജിയെ സ്വാധീനിക്കുന്നത് എക്സിക്യൂട്ടീവിന്റെ ചുമതലയാണെന്ന് വിശ്വസിക്കുന്ന മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ ഭരിക്കുന്ന ഒരു സംസ്ഥാനത്ത് ജനങ്ങൾക്ക് എങ്ങനെ നീതി ലഭിക്കും?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒന്നുരണ്ട് കാര്യങ്ങംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ റവന്യൂബോർഡ് ഒരു വെള്ളാനയായി നിലനിൽക്കുകയാണ്. വളരെയേറെ കഴിവുള്ള സീനിയർ ഐ.എ.എസ്. ഓഫീസർമാരെയാണ് അതിന്റെ തലപ്പത്ത് വച്ചിരിക്കുന്നത്. എന്നാൽ അവരുടെ കഴിവുകൾ വിനിയോഗിക്കാൻ കഴിയുന്നില്ല. ഇക്കാര്യങ്ങൾ ഈ നിയമസഭയ്ക്കകത്ത് ഇതിനുമുമ്പ് നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. റവന്യൂബോർഡ് പിരിച്ചുവിടണമെന്ന് ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. ഇത്രയേറെ കഴിവുകളുള്ള റവന്യൂബോർഡ് ഉദ്യോഗസ്ഥൻമാർ എടുക്കുന്ന തീരുമാനങ്ങൾ ഈ സെക്രട്ടേറിയറിനകത്തുള്ള ജൂനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ നടപ്പാക്കുന്നില്ല. അവർ തള്ളിക്കളയുന്നു. അങ്ങനെ ഇത്രയും ഭീമമായി തുക ചെലവഴിച്ചുകൊണ്ട് ഇത്രകഴിവുള്ള ആളുകളെ അവിടെയിരുത്തി, യാതൊരു കാര്യവുമില്ലാതെ നിലനിൽക്കുന്ന ആ സ്ഥാപനത്തെ പിരിച്ചുവിടണമെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ല് പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. കെ.സി. ജോസഫ്: സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരം ഇന്ന് മൂന്നു ബില്ലുകൾ പാസ്സാക്കേണ്ടതായിരുന്നു. സമയക്കുറവുകൊണ്ട് ഈ ബില്ലിന്റെ ചർച്ച ഇപ്പോൾ അവസാനിപ്പിക്കണമെന്നുള്ള ക്ലോഷർമോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: ഞാൻ പിന്താങ്ങുന്നു.

(ക്ലോഷർമോഷൻ സഭ അംഗീകരിച്ചു)

ശ്രീമതി കെ.ആർ. ഗൗരി: ഈ ബില്ലിന് ഞാനൊരു ഭേദഗതി കൊടുത്തിട്ടുണ്ട്. അത് അവതരിപ്പിച്ചു സംസാരിക്കാൻ അവസരം നൽകണം.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ക്ലോഷർമോഷൻ സഭ അംഗീകരിച്ചിരിക്കുന്നു.....(ബഹളം).....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഈ ബില്ലിന്റെ വകുപ്പു വകുപ്പായുള്ള ചർച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ക്ലോഷർമോഷൻ ബിസിനസ് അഡ്വൈസറികമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള ഒരു നീക്കമാണ്. ഇതിന്റെ വകുപ്പിലേക്ക് കടന്നുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിശദമായി സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ.ആർ. ഗൗരി: ഞങ്ങളുടെ ആരുടേയും അഭിപ്രായമാരായാതെ ഒരു നിയമം ഇവിടെ നടപ്പിലാക്കാൻ പോവുകയാണ്. ഇവിടെയുണ്ടായിരുന്ന ഒരു നിയമം പിൻവലിച്ചിരിക്കുന്നു. ഞങ്ങൾക്കും ആർക്കും ഇതിനെക്കുറിച്ച് ഉള്ള അഭിപ്രായം പറയേണ്ടേ?

ശ്രീ. പി.ജെ. ജോസഫ്: സബ്ജക്ട് കമ്മിറ്റിക്കു വിടുന്നതിനുമുമ്പ് ഇവിടെ വിശദമായ ചർച്ചയുണ്ടായിരുന്നു. അന്ന് സമയത്തിനു മുമ്പ് അവസാനിപ്പിച്ചു. ഒരു മണിക്കൂർ ഉണ്ടായിട്ടും അൻപതു

LIBRARY ARCHIVES Kerala Legislative Assembly

മിനിട്ടുകൊണ്ട് ചർച്ച അവസാനിപ്പിച്ചു. അതിനുശേഷം സബ് ജക്ട് കമ്മിറ്റിക്ക് വിട്ടു. ഇതിന്റെ വകുപ്പിലേക്കു കടക്കുമ്പോൾ സംസാരിക്കാവുന്നതാണ്.

ശ്രീ. ബേബി ജോൺ: ഒരു മണിക്കൂർ എന്നത് അൻപത് മിനിട്ട് എടുത്ത് ചർച്ച ചെയ്തത് ഒരു തെറ്റാണോ?

ശ്രീ. പി.ജെ. ജോസഫ്: ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് കൂടുതൽ ബിസിനസ് നടത്താനുള്ളതുകൊണ്ട് ക്ലോഷർ മൂവ് ചെയ്തിരിക്കുന്നു. ആ ക്ലോഷർ പാസ്സായിരിക്കുന്നു. ..... (ബഹളം).....

ശ്രീ. ടി.എം. ജേക്കബ്: സർ, ശ്രീ. വി.കെ. രാജന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം ഡോ. കെ.സി. ജോസഫ് ക്ലോഷർ മൂവ് ചെയ്തു. അതിനിടയ്ക്ക് അങ്ങ് ആരെയും പ്രസംഗിക്കാൻ വിളിച്ചില്ല. അതിനുശേഷം ഈ സഭയിൽതന്നെ ക്ലോഷറിനെ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ടു ചോദിച്ചു. എന്നിട്ട് പാസ്സായിയെന്ന് റൂളിങ്ങ് നൽകി. അങ്ങയുടെ റൂളിങ്ങ് ഈ സഭയിൽ ഉണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ശ്രീമതി ഗൗരിയമ്മയെ പ്രസംഗിക്കാൻ വിളിച്ചിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: സർ, ഇപ്പോൾ ബഹുമാന്പെട്ട മന്ത്രി പറഞ്ഞു, അനുകൂലമായിട്ടും പ്രതികൂലമായിട്ടും പോൾ ചോദിച്ചുവെന്ന്. അത് റിക്കാർഡിൽ ഇല്ല. അതെന്തുചെയ്തുവെന്ന് അറിയേണ്ടേ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ഇവിടെ ഡോ. കെ.സി. ജോസഫ് ക്ലോഷർ മൂവ് ചെയ്തു. ആ മോഷൻ അഡോപ്റ്റ് ചെയ്തതായിട്ട് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് മന്ത്രിക്ക് മറുപടി പറയാവുന്നതാണ്.....(ബഹളം).....

ശ്രീ. പി.ജെ. ജോസഫ്: ഇവിടെ ബഹുമാനപ്പെട്ട എം.വി. രാഘവൻ സംസാരിച്ചപ്പോൾ ലാൻഡ് അക്വിസിഷനു വളരെ കാലതാമസം ഉണ്ടാകുന്നു, ഏറ്റെടുക്കാൻ തീരുമാനിച്ച ഭൂമിക്ക് പോലും നഷ്ടപരിഹാരം കൊടുത്തിട്ടില്ലായെന്നും പറയുകയുണ്ടായി. ഇവിടെ ഏഴിമല നേവൽ അക്കാഡമിക്ക് വേണ്ടി എടുത്ത സ്ഥലത്തെക്കുറിച്ചാണ് അദ്ദേഹം പ്രധാനമായിട്ടും സംസാരിച്ചത്. ഏഴിമല ലാൻറ് അക്വിസിഷനിൽതന്നെ ഈ കേന്ദ്ര നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ഭൂമി എടുത്തിട്ടുള്ള ആളുകൾക്ക് 12 ശതമാനം പലിശ അധികമായി കിട്ടുന്നു. ആ ഇനത്തിൽ 2.144 കോടി രൂപയാണ് അവർക്ക് അധികമായി കിട്ടിയത്.

അതുപോലെതന്നെ 15 ശതമാനം സൊലേഷ്യം ഉള്ളത് 30 ശതമാനമായി. അതിന്റെ ഫലമായി 2.547 കോടി രൂപ അധികമായി അവർക്ക് കിട്ടുകയാണ്. അങ്ങനെ രണ്ടിനത്തിലും കൂടി നാലരക്കോടി രൂപ അധികമായി ഏഴിമലയിൽ ഭൂമിയെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുള്ള ആളുകൾക്ക് ലഭിക്കുകയാണ്. മുഖ്യമായും കുടി ശ്ശികയാണ് അവർക്ക് കൊടുക്കുവാനായിട്ടുള്ളത്. നാലു കേസുകളിൽ 35 ലക്ഷത്തോളം രൂപ നഷ്ട പരിഹാരം കൊടുക്കേണ്ട കേസുകളിൽ മാത്രമാണ് നഷ്ട പരിഹാരം കൊടുക്കാത്തത്. ബാക്കിയുള്ളത് പുതിയ ഭേഗതിയുടെ ഫലമായി അധികം കൊടുക്കേണ്ടി വരുന്ന നാലരക്കോടി രൂപയാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖർൻ ഇവിടെ സംസാരിച്ചപ്പോൾ ഇതിൻെറ കാലവിളംബം ഒഴിവാക്കാൻവേണ്ടി യാതൊന്നും ഉണ്ടാകുന്നില്ലായെന്നു പറയുകയുണ്ടായി. അത് ശരിയല്ല. ഇവിടെ കാലവിളംബം ഒഴിവാക്കാൻ 3—(1) നോട്ടിഫിക്കേഷൻെറ സ്ഥാനത്ത് 4—(1) നോട്ടിഫിക്കേഷനാക്കി. പ്രിലിമിനറി നോട്ടിഫിക്കേഷൻ നടത്തിയാൽ ഒരു കൊല്ലത്തിനുള്ളിൽ ഡി.ഡി. പാസാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതുപോലെ മൂന്നു കൊല്ലത്തിനുള്ളിൽ മുഴുവൻ നടപടികളും പൂർത്തിയാക്കണമെന്ന് പുതിയ ഭേഗതിയിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മുമ്പ് മൂന്നു കൊല്ലത്തിനുള്ളിൽ ഡി.ഡി. പാസാക്കിയാൽ മതിയായിരുന്നു. അതിനുശേഷം അത് അവസാന തീരുമാനത്തിന് എത്ര കൊല്ലം വേണമെങ്കിലും എടുക്കാമായിരുന്നു. ഈ സ്ഥിതി മാറ്റി ഇപ്പോൾ മൂന്നു കൊല്ലത്തിനുള്ളിൽ എല്ലാ നടപടികളും പൂർത്തിയാകുകയാണ്.

അതുപോലെ തന്നെ പ്രൈവറ്റ് കമ്പനികൾക്കു ഭൂമിയെടുക്കുന്നതിനെ സംബന്ധിച്ചും അദ്ദേഹം പറയുകയുണ്ടായി. പ്രൈവറ്റ് കമ്പനികൾക്ക് ഒരൊറ്റ ആവശ്യത്തിനു മാത്രമേ ഭൂമി എടുക്കുവാൻ വ്യവസ്ഥയുള്ളു. അതായത്, പ്രൈവറ്റ് കമ്പനികളിൽ തൊഴിലാളികൾക്ക് വീടു വച്ചു കൊടുക്കാൻ, അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഭൂമി എടുക്കാൻ മാത്രമേ വ്യവസ്ഥയുള്ളു. മറ്റൊരാവശ്യത്തിന് പ്രൈവറ്റ് കമ്പനികൾക്ക് ഭൂമി എടുക്കാൻ പാടില്ലായെന്ന് വ്യക്തമായി ഇതിൽ പറഞ്ഞിരിക്കുകയാണ്. "The land not to be acquired under this part except for certain purposes for private Companies other than Government Companies". അതിൽ പറഞ്ഞിരിക്കുന്ന ഒരു വ്യവസ്ഥ, "An Industrial concern ordinarily employing not less than 100 workers owned by an individual or by an association of individuals and not being a Company desiring to acquire land for the erection of dwelling house for the workmen employed by the concern or for the provision of amenities directly connected there, shall acquire land". എന്നാണ്. ഈ ആവശ്യത്തിനല്ലാതെ പ്രൈവറ്റ് കമ്പനികൾക്ക് ഭൂമിയെടുക്കുവാൻ പാടില്ലായെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രൈവറ്റ് കമ്പനികൾക്ക് മുമ്പ് ഭൂമി എടുത്തു കൊടുക്കാമായിരുന്നു എന്നുള്ള വ്യവസ്ഥ ഇപ്പോൾ എടുത്തു കളഞ്ഞിരിക്കുന്നു എന്നുള്ളതാണ് ഫലത്തിൽ വരുന്നത്.

അതുപോലെതന്നെ ഇവിടെ പറഞ്ഞ ഒരു എതിർപ്പ് ജില്ലാ കളക്ടർമാരേയും റവന്യൂ ബോർഡിനേയും ചുമതലപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ്. പ്രത്യേകിച്ചും ജില്ലാ കളക്ടർമാരെ

LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെടുത്തുന്നതു് സംബന്ധിച്ചാണു്. മുമ്പും ഇവിടെ വ്യവസ്ഥയുണ്ടായിരുന്നു. ഈ അമൻറ്മെൻറിൻെറ ഫലമായിട്ടു് ഉണ്ടായിട്ടുള്ള രണ്ടു മാറ്റം, ഒന്നു്, കാലവിളംബം ഒഴിവാക്കുന്നു, സമയ പരിധി വച്ചിരിക്കുന്നു. രണ്ടു്, പ്രിലിമിനറി നോട്ടിഫിക്കേഷനു് ശേഷം അവസാനം കോമ്പൻസേഷൻ കൊടുക്കുന്നതുവരെയുള്ള കാലാവധിയിൽ 12 ശതമാനം പലിശ കൊടുക്കണമെന്നു് വ്യവസ്ഥ ചെയ്തിരിക്കുന്നു. മുമ്പു് ആ വ്യവസ്ഥ ഉണ്ടായിരുന്നില്ല. അതുപോലെതന്നെ സൊലേഷ്യം 15 ശതമാനത്തിൽനിന്നും 30 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ വ്യവസ്ഥകളും ഫലപ്രദമായി നടപ്പാക്കാൻ ഈ മാറ്റങ്ങളും കൊണ്ടു കഴിയും. എന്നാൽ മുമ്പു് ജില്ലാ കളക്ടർമാർക്കു് ഉണ്ടായിരുന്ന അധികാരം ഗവൺമെൻറ് നിക്ഷിപ്തമാക്കിയിരിക്കുന്നു, ആവശ്യപ്പെട്ടാൽ ജില്ലാ കളക്ടർമാരാണു് ചെയ്യുന്നതെങ്കിലും ഏതെങ്കിലും ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെടുമ്പോൾ മാത്രമേ അതിൽ ജില്ലാ കളക്ടർ അല്ലെങ്കിൽ റവന്യൂ ബോർഡ് നടപടി സ്വീകരിക്കുന്നുള്ളു. ഓരോന്നും സെക്രട്ടേറിയറ്റിൽ വന്നു് നടപടി സ്വീകരിച്ചാൽ വളരെയേറെ കാലതാമസമുണ്ടാകും. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ തന്നെ ഇവിടെ സൂചിപ്പിച്ചു. ഗവൺമെൻറിൽ നിന്നു് അനുവാദം കിട്ടിയാൽ 35 ദിവസം കൊണ്ടു് ഭൂമി എടുത്തു തരാമെന്നു് ജില്ലാ കളക്ടർ ഒരിക്കൽ, അദ്ദേഹത്തോടു് പറയുകയുണ്ടായിയെന്നു്. ഗവൺമെൻറ് കാലതാമസം ഒഴിവാക്കാൻ വേണ്ടിയാണു് അതു് ഡലിഗേറ്റ് ചെയ്തിട്ടുള്ളതു്. ബോർഡ് ഓഫ് റവന്യൂവോ ജില്ലാ കളക്ടരോ ഒരിക്കൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിനോടു് ഭൂമിയെടുക്കണമെന്നു് നിർദ്ദേശിച്ചാൽ അതിൻെറ നടപടികളും എടുക്കാൻ ജില്ലാ കളക്ടർ റവന്യൂ ബോർഡിനെ ചുമതലപ്പെടുത്തുക മാത്രമാണു് ചെയ്തിട്ടുള്ളതു്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഇവിടെ വന്ന വിലപ്പെട്ട നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണു്.

ശ്രീ. എം. വി. രാഘവൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു് നിരാകരിച്ചു.

സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ സഭ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള ചർച്ച

2-ാം വകുപ്പു്

Shri. T. P. Peethambaran Master: Sir, I move that in Sub section (1) of section 4 of the Principal Act proposed to be amended by sub-clause (1) (a) of clause 2, delete the words "or

LIBRARY ARCHIVES Kerala Legislative Assembly

to the Collector'' appearing after the words ''or to the Board of Revenue''.

Sir, I also move that, in section 4 of the Principal Act, proposed to be amended by sub-clause (1) (b) of clause 2, delete the words ''or within the jurisdiction of the Collector'' appearing after the words ''in the State of Kerala''.

ഇവിടെ നേരത്തെ സംസാരിച്ച ബഹുമാന്യനായ കെ. ചന്ദ്രശേഖരൻ ഈ ബില്ലിൽ വരുന്ന ഭേദഗതികളെയൊക്കെ വിലയിരുത്തിക്കൊണ്ട് സംസാരിച്ചു. രണ്ടാമത്തെ ക്ലാസായിട്ട് വരുന്നത്, ഒറിജിനൽ ലാൻഡ് അക്വിസിഷൻ ആക്ടിലെ ഒന്നാമത്തെ സബ് ക്ലാസിലാണ്. അതിൽ പ്രിലിമിനറി നോട്ടിഫിക്കേഷന്റെ കാര്യത്തിലാണ് പറഞ്ഞിരിക്കുന്നത്, whenever it appears to the Appropriate Government.....എന്നതിനു ശേഷം ബോർഡ് ഓഫ് റവന്യൂ ഓർ കളക്ടർ എന്ന ഒരു ഭേദഗതിയാണ് ചേർത്തിരിക്കുന്നത്. അതു കൂടി ചേർത്തു വായിച്ചു കഴിഞ്ഞാൽ, ''The land in any locality is likely to be needed for any public purposes''. അതാണ് ഞാൻ രണ്ടാമതായി പറഞ്ഞിരിക്കുന്ന അമൻഡ്മെന്റ്. ആ അമൻഡ്മെന്റിൽ ''or within the jurisdiction of the Collector'' എന്നു പറഞ്ഞിട്ടുണ്ട്. അതായത് ആദ്യത്തെ ഭേദഗതിയിൽ കളക്ടർക്കുംകൂടി അധികാരം കൊടുക്കുന്നതുകൊണ്ട് ഗവൺമെന്റാകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലോ സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിലോ ആണ്. ഇന്നുള്ള വ്യവസ്ഥയ്ക്ക് പകരം കളക്ടറുടെ നിയമപരിധിക്കകത്തുള്ള സ്ഥലത്തു നിന്നും ഭൂമി ചേർത്തിട്ട് കളക്ടർക്ക് അധികാരം കൊടുക്കണം. ഈ ഭൂമി അക്വയർ ചെയ്യുന്നതിന് വേണ്ടിയുള്ള നോട്ടിഫിക്കേഷൻ നൽകുന്നതിനുള്ള അധികാരം കളക്ടർക്കും കൂടി കൊടുക്കണമെന്നാണ് ഇതിനകത്ത് ആകെ വരുന്ന ഭേദഗതി. അതിന്റെ കോൺസിക്വൻഷ്യലായിട്ടുള്ള മറ്റു ഭേദഗതികളാണ് ആകെ വന്നിരിക്കുന്നത്. ഇതിനകത്ത് ഇതിൽപ്പറഞ്ഞ ഒരുദ്ദേശം എന്താണെന്നു വച്ചാൽ അത് കാലതാമസം ഒഴിവാക്കാൻ വേണ്ടി കളക്ടറെ ഏൽപിക്കുന്നു എന്നാണ്. ഗവൺമെന്റിനു അല്ലെങ്കിൽ ബോർഡ് ഓഫ് റവന്യൂ എന്നു പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. കളക്ടറെ ഏൽപ്പിച്ചുകൊണ്ട് എങ്ങനെയാണ് വേഗത വർദ്ധിപ്പിക്കുന്നതെന്ന് ആർക്കും മനസ്സിലാകുകയില്ല. ഇപ്പോഴത്തെന്നെ ഇത് കൈകാര്യം ചെയ്യുന്നത് കളക്ടറാണ്. ബോർഡ് ഓഫ് റവന്യൂവോ കളക്ടറോ അവരുടെ നിർദ്ദേശം പ്രകാരം നോട്ടിഫിക്കേഷൻ വന്നു കഴിഞ്ഞാൽ ബാക്കിയുള്ള എല്ലാ നടപടികളും എടുക്കുന്നത് കളക്ടർ തന്നെയാണ്: ഈ നോട്ടിഫിക്കേഷൻ ഗവൺമെന്റ് പ്രഖ്യാപിക്കുന്നു, അല്ലെങ്കിൽ ബോർഡ് ഓഫ് റവന്യൂ പ്രഖ്യാപിക്കുന്നു എന്നു പറഞ്ഞതുകൊണ്ട് അത് കളക്ടർ പ്രഖ്യാപിക്കുന്നില്ലാ എന്ന കാരണം കൊണ്ടു മാത്രം ഒരു പ്രത്യേക കാലതാമസം ഉണ്ടാകുന്നില്ല. യഥാർത്ഥത്തിൽ ഇത്തരം ഒരു ഭേദഗതികൊണ്ട് ഈ നടപടി വേഗത്തിലാക്കുക എന്ന പർപ്പസ് നടക്കാനേ പോകുന്നില്ല. ഈ നടപടികളും നടത്തുവാൻ കളക്ടറുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ തയ്യാറാകണം. ഗവൺമെന്റ് പ്രഖ്യാപിച്ചാലും ബോർഡ് ഓഫ് റവന്യൂ പ്രഖ്യാപിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം ഇംപ്ലിമെന്റ് ചെയ്യുന്നത് കളക്ടർ ആണല്ലോ? കളക്ടർ ഇവിടെ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻമാർ നടപടികൾ വേണ്ട സമയത്ത് നടത്തണം എന്നുള്ളതാണ് പ്രധാനം.

സർ, ഒരു ഉദാഹരണം പറയാം. നോട്ടിഫിക്കേഷൻ ആര് ഇറക്കിയാലും നോട്ടിഫിക്കേഷന് മുമ്പ് പ്രൊപ്പോസൽസ് തയ്യാറാക്കുന്ന സംവിധാനമുണ്ട്. കമ്പളങ്ങി പെരുമ്പടത്ത് പാലത്തിന്റെ അപ്രോച്ചു റോഡിന്റെ അക്വിസിഷനുള്ള പ്രൊപ്പോസൽ തുടങ്ങിയിട്ട് പത്തു മാസമായി. കഴിഞ്ഞമാസമാണ് ഇവിടെനിന്ന് അപ്രൂവ് ചെയ്തു പോയത്. അവിടെനിന്ന് പ്രൊപ്പോസൽ വരാൻ എട്ടുമാസമായി. ഇത് പ്രിപ്പയർ ചെയ്യുന്ന ആളുകൾ വേണ്ടപോലെ കൈകാര്യം ചെയ്യുന്നില്ലെന്നുള്ളതാണ് പ്രശ്നം. കളക്ടറേറ്റിൽ കളക്ടർ വിളിച്ചുകൂട്ടിയ പ്രത്യേക കോൺഫറൻസിൽ ഭൂമി മുൻകൂറായി കൈവശം വാങ്ങിച്ചു കൊടുത്താൽ ഉടൻതന്നെ ആ ജോലി പൂർത്തിയാക്കാമെന്ന് പറഞ്ഞു. സ്ഥലം കൈവശമെടുക്കാൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. ഞാൻ മുൻകൂർ വാങ്ങിച്ചു കൊടുത്തിട്ട് ഇപ്പോൾ എട്ടുമാസമായി. നോട്ടിഫിക്കേഷൻ വരാതെ പൊസഷൻ എടുത്തുകൂടെന്നാണ് നിയമ വ്യവസ്ഥ. നോട്ടിഫിക്കേഷനുള്ള നടപടികൾ എടുത്തിട്ട് കളക്ടറുടെ ആഫീസ്സുകാർ അത് ആർ.ഡി.ഒ.യ്ക്ക് അയച്ചുകൊടുത്തു. ആക്ടിൽ തന്നെ പറഞ്ഞിട്ടുണ്ട്, The expression 'Collector' means the Collector of a District and includes a Dy. Commissioner or any Officer specially appointed by the appropriate Government to perform the functions of the Collector under this Act, എന്നാണ്. കളക്ടർ ആഫീസിൽനിന്ന് ഡെപ്യൂട്ടി കളക്ടറെയും ഡെപ്യൂട്ടി കമ്മീഷണറെയും സ്പെഷ്യലാഫീസറായിട്ട് ഒരുപിടി മറ്റ് ആളുകളെയും അപ്പോയിന്റ് ചെയ്യുന്നുണ്ട്. അവിടെ അയച്ചുകൊടുത്തപ്പോൾ അവർ ഇത് പരിശോധിച്ചു. പരിശോധിച്ചപ്പോൾ പറഞ്ഞു ഞങ്ങളല്ല ചെയ്യേണ്ടത് നാഷണൽഹൈവേയുടെ കീഴിൽവരുന്നതാണ് നാഷണൽ ഹൈവേയുടെ ലാൻഡ് അക്വിസിഷന് സ്പെഷ്യൽ തഹസിൽദാർ ഉണ്ട് അവർക്കാണ് അയയ്ക്കേണ്ടതെന്ന്. ഒരുമാസം കഴിഞ്ഞ് അത് തിരിച്ച് അയച്ചു. ഇത് കൈകാര്യം ചെയ്യുന്ന ആളുകൾ വേണ്ടുവോളം അവധാനതയോടുകൂടി ചെയ്യാത്തതിന്റെ ഫലമായി ഉണ്ടാകുന്ന കാലതാമസം നോട്ടിഫിക്കേഷൻ കളക്ടറുടെ പേരിൽ വന്നതുകൊണ്ട് മാത്രം പരിഹരിക്കാൻ കഴിയുകയില്ല. നോട്ടിഫിക്കേഷൻ വരികയെന്നുള്ളതാണ് ആദ്യം വേണ്ടത്. അതിന് ശേഷവും കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ പായുന്ന പർപ്പസിന് കളക്ടറെ ഏൽപ്പിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. നോട്ടിഫിക്കേഷൻ വന്നതിനുശേഷം ഗവൺമെന്റിൽ പോയിവരുന്ന താമസം ഒഴിവാക്കാൻവേണ്ടി കളക്ടർക്ക് കൊടുത്തുകഴിഞ്ഞാൽ ആ നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞതിനുശേഷം എട്ടുകൊല്ലം എടുക്കുന്നതാണ് കേസ്സ്. അതിന് പരിഹാരമുണ്ടാക്കേണ്ടതാണ് ലാൻഡ് അക്വിസിഷൻ രംഗത്ത് നടത്തേണ്ടതായ പ്രധാന കാര്യം. അങ്ങേയ്ക്കു കൂടി അറിയാൻ കഴിയും. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ പനങ്ങോട് ഒരു ഫിഷറീസ് കോളേജുണ്ട്. ആ കോളേജ് 12 കൊല്ലമായി അവിടെ പ്രവർത്തിക്കുന്നുണ്ട്. അന്നത്തെ നോട്ടിഫിക്കേഷൻ അനുസരിച്ച് ഭൂമി എടുത്ത ആളുകൾക്ക് ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

പണം കൊടുത്തിട്ടില്ല. പന്ത്രണ്ടുകൊല്ലത്തിനുമുമ്പുള്ള വിലയാണ് നിശ്ചയിച്ചത്. അന്ന് പത്തുസെന്റ് കുടികിടപ്പ് നിയമപ്രകാരം കൈവശം കിട്ടിയ കുടികിടപ്പുകാരന് അതിന്റെ വില കൊടുത്താൽ ഇന്ന് ഒരുസെന്റ് ഭൂമി കിട്ടുകയില്ല. ഇന്നുവരെ അതിന്റെ പണം കൊടുത്തിട്ടില്ല. രാമേശ്വരം വെസ്റ്റ് സ്കീം എന്നുപറഞ്ഞ് ജി.സി.ഡി.എ. പന്ത്രണ്ടുകൊല്ലമായി മരവിപ്പിച്ചിരിക്കുന്ന കുറെ ഭൂമി തോപ്പുംപടിയുടെ പടിഞ്ഞാറുഭാഗത്തുണ്ട്. അവിടെ ഭൂമിക്ക് വില കയറിയിട്ടുണ്ട്. പക്ഷെ അവർക്ക് അതിന്റെ പത്തിലൊന്ന് അംശംപോലും കിട്ടുന്നില്ല. ഗവൺമെന്റ് അനാവശ്യമായി ഭേദഗതികൊണ്ടുവരുന്നതിനുപകരം നോട്ടിഫിക്കേഷൻ വന്നാൽ ഉടനെ പൂർത്തീകരിക്കാനുള്ള നടപടിസ്വീകരിക്കണം. അത്തരമൊരു ഭേദഗതി കൊണ്ടുവരണം. കൊച്ചുകൊച്ചു പുരകളിൽ താമസിക്കുന്നവർ നഗരത്തിന്റെ പ്രാന്തപ്രദേശത്തുണ്ട്. നഗരത്തിന്റെ വികസനം മുഴുവനും വരുന്നത് പാവങ്ങളം താമസിക്കുന്ന പ്രദേശത്താണ്. അവരെ മുഴുവൻ തൂത്തുകളഞ്ഞിട്ട് ആ പ്രദേശത്ത് താമസിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുകയാണ്. പ്രാദേശികമായി ചെറിയ ചെറിയ ഉദ്യോഗസ്ഥൻമാർക്ക് അധികാരം കൊടുക്കുന്നത് ദോഷകരമായി ബാധിക്കും.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, അധികാര വികേന്ദ്രീകരണത്തെപ്പറ്റി ധാരാളമായി സംസാരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. 14 ജില്ലകൾക്കുമുള്ള ലാൻഡ് അക്വിസിഷൻ പ്രൊപ്പോസൽ മുഴുവൻ ഗവൺമെന്റിൽ വന്ന് ഗവൺമെന്റ് അത് ഓരോന്നും പരിശോധിച്ച് അതിന്റെ പ്രിമിലിനറി നോട്ടിഫിക്കേഷൻ നടത്തി മുഴുവൻ നടപടികളും സെക്രട്ടേറിയേറ്റിൽ സ്വീകരിക്കുകയെന്നു പറഞ്ഞാൽ കാലതാമസമുണ്ടാകും. കേന്ദ്ര നിയമത്തിന്റെ മുഖ്യമായ ഉദ്ദേശം അതല്ലെന്ന് പറഞ്ഞു. ശ്രീ. ചന്ദ്രശേഖരൻ ആദ്യം പറഞ്ഞ ഒരു കാര്യം തീരുമാനമെടുക്കേണ്ടത് എല്ലാം ജില്ലാകളക്ടർമാരല്ല. ഭൂമി എടുക്കണമോ വേണ്ടയെന്ന് തീരുമാനിക്കുന്നത് ഇപ്പോഴും ബോർഡും ഗവൺമെന്റും തന്നെയാണ്. അതിന്റെ നടപടികളം പ്രിലിമിനറി നോട്ടിഫിക്കേഷൻ ഒബ്ജക്ഷൻ സ്വീകരിച്ച് ഡി.ഡി. പബ്ലിഷ് ചെയ്യുക തുടങ്ങിയ കാര്യങ്ങളം മാത്രമാണ് ജില്ലാകളക്ടർക്ക് കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമത്തിൽ കേന്ദ്രഗവൺമെന്റ് അങ്ങനെ വയ്ക്കാനുള്ള കാരണമെന്താണെന്ന് പ്രത്യേകമായി അന്വേഷിച്ചിട്ടുണ്ടോ? ഇത്തരത്തിലുള്ള ഭേദഗതികളം വേറെ വല്ല സംസ്ഥാനങ്ങളും അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ്: പ്രായോഗികമായിട്ടുള്ള പ്രശ്നമാണ്. ഈ അമൻറുമെന്റിനെപ്പറ്റി ചർച്ചചെയ്യുമ്പോളം റവന്യൂമന്ത്രിമാരുടെ ചർച്ചയിൽ ഞാൻ പങ്കെടുത്തിരുന്നു. 1982 അവസാനമാണ് ഈ അമെൻറുമെന്റിനെപ്പറ്റി കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞത്. അന്ന് അതിന്റെ മുഖ്യമായ ലക്ഷ്യം കാലവിളംബം ഒഴിവാക്കുകയെന്നുള്ളതാണ്. പ്രിലിമിനറി നോട്ടിഫിക്കേഷനുശേഷം ഡി.ഡി. പബ്ലിഷ് ചെയ്യുന്നതിന് മുന്നുകൊല്ലത്തിനുള്ളിൽ ചെയ്യാമെന്നുള്ള വ്യവസ്ഥ മാറ്റി ഒരുകൊല്ലമെന്ന് ആക്കി. അവസാനതീരുമാനത്തിന് യാതൊരു സമയപരിധിയും ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നില്ല. ആകെ മൂന്നുകൊല്ലമായി ചുരുക്കി. അതിനിടയിൽ പ്രിലിമിനറി നോട്ടിഫിക്കേഷൻ നടത്തിയതിനുശേഷം അന്നുള്ള വിലമാത്രം ഭൂ ഉടമസ്ഥൻമാർക്ക് കൊടുക്കുന്നതുകൊണ്ട്, വില കൊടുക്കുന്നതിന് മൂന്നുകൊല്ലം കഴിയുന്നതുവരെ കാത്തിരിക്കേണ്ടി വരുന്നതുകൊണ്ട് മൂന്നുകൊല്ലത്തേയ്ക്ക് നഷ്ടംവരുന്നുവെന്നുള്ളത് പരിഗണിച്ചാണ് ഇടുന്ന വിലയുടെ പത്തൊണ്ടു ശതമാനം പലിശ കൊടുക്കണമെന്ന വ്യവസ്ഥ ഉണ്ടാക്കിയത്. അതുപോലെതന്നെ സൊലേഷ്യം പതിനഞ്ച് ശതമാനമെന്നുള്ളത് മുപ്പതു ശതമാനമായി വർദ്ധിപ്പിച്ചു. ഇതൊക്കെയാണ് മുഖ്യമായ ലക്ഷ്യം. നടപ്പാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് എന്ന് പറയുന്നത് സെൻട്രൽ ഗവൺമെൻറിനെറ അകപിസിഷനാണെങ്കിൽ ഇവിടെനിന്ന് നിർദ്ദേശം ഡെൽഹിയിൽപോയി അവിടെനിന്ന് പ്രിലിമിനറി നോട്ടിഫിക്കേഷൻ വേണമെന്നാണ് ഒറിജിനൽ ആക്ടിൽ കിടക്കുന്നത്. അതിന് എത്രയോ കാലതാമസമുണ്ടാകും. ഒരു പോസ്റ്റാഫീസ്സിനുവേണ്ടി ലാൻഡ് അകപയർ ചെയ്യണമെങ്കിൽ ഇവിടെനിന്ന് നിർദ്ദേശം ഡെൽഹിയിൽപോയി നോട്ടിഫിക്കേഷനെല്ലാം വരണമെങ്കിൽ സ്വാഭാവികമായും കാലതാമസം ഉണ്ടാകാം. ആ കാര്യം കേന്ദ്രഗവൺമെൻറിനെറ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഈ അമൻറുമെൻറ് അംഗീകരിച്ചിരിക്കുന്നു ഏത് ഭൂമി എടുക്കണമെന്ന് തീരുമാനിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടില്ല. ഭേഗതി വേണമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറും അംഗീകരിച്ചിരിക്കുന്നു. സെൻട്രൽ ഗവൺമെൻറ് എന്നത് സംസ്ഥാന ഗവൺമെൻറ് എന്ന് മാറ്റി. ഇവിടെത്തന്നെ വികേന്ദ്രീകരിക്കണമെന്നുള്ള പോയിൻറ് ശ്രീ. പീതാംബരൻമാസ്റ്ററും അംഗീകരിച്ചിരിക്കുന്നു. ബോർഡ് ഓഫ് റവന്യൂവിനെ ഒബ്ജക്ഷൻ മുഴുവൻ കേൾക്കേണ്ട ചുമതല ഏൽപ്പിച്ചാൽ എത്രയോ ഭാരിച്ച ജോലിയാണ് ബോർഡ് ഓഫ് റവന്യൂവിന് വരുന്നത്. ജില്ലകളിലേയ്ക്ക് വികേന്ദ്രീകരിക്കേണ്ടതാണ് ഏറ്റവും വലിയ ആവശ്യമാണ്. ആക്ടിൽ വരുത്തിയിട്ടുള്ള ഭേഗതി ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം കിട്ടാനും കാലവിളംബം ഒഴിവാക്കാനുമുള്ള നിർദ്ദേശമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ക്ലാസ് 2 ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

3,4,5 വകുപ്പുകൾ

മൂന്നും നാലും അഞ്ചും വകുപ്പുകൾ ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

6-ാം വകുപ്പ്

Shri T. P. Peethambaran Master: Sir, I move that in Sub-Section (i) of Section 17 of the principal Act, proposed to be amended by clause 6, item (i) shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് വളരെ അപകടമുണ്ടാക്കുന്ന ഒന്നാണ്. ഇതിനകത്ത് പറഞ്ഞിരിക്കുന്നത്, Special Power in case of urgency: In cases of urgency whenever the appropriate Government so directs എന്നുള്ളതിനിടയ്ക്ക്, Appropriate Government, or District Collector so directs, the Collector though knows such award has been made on the expiration of 15 days of the publication of the notification mentioned in section IX, sub-section (1), Take possession of any land needed for the public purpose എന്നാണ്. ഇതിൽ ഒരു വൈരുദ്ധ്യമുള്ളത് ഗവൺമെൻറ് ഡയറക്ട് ചെയ്യുന്നതനുസരിച്ചോ കളക്ടർ ഡയറക്ട് ചെയ്യുന്നത് അനുസരിച്ചോ കളക്ടർക്ക് മൂവ് ചെയ്യാമെന്നാണ്. കളക്ടർ തന്നെ കളക്ടറെ ഡയറക്ട് ചെയ്യുന്ന പ്രൊവിഷനാണ്. രണ്ടാമത്തെ കാര്യം അർജൻസിയെന്ന് പറയുന്നത് സംബന്ധിച്ചാണ്. കളക്ടറോ കളക്ടർ നിർദ്ദേശിക്കുന്ന ഒരാളോ നേരത്തേ പറഞ്ഞതുപോലെ ഡെപ്യൂട്ടി തഹസിൽദാർവരെയുള്ള ആളോ ലാൻഡ് അക്വിസിഷൻ ആഫീസറാണ്. അവരെ ഈ ചുമതല ഏൽപ്പിച്ചു കഴിഞ്ഞാൽ അത്യാവശ്യമായി നോട്ടിഫിക്കേഷൻ നടത്തും. ആ നോട്ടിഫിക്കേഷൻ വന്ന് മറ്റ് പ്രോസസ്സ് ആകുന്നതിനുമുമ്പു തന്നെ കൈവശമെടുക്കുന്നതിന് അധികാരം, കൊടുത്താൽ വളരെയധികം ദയനീയമായ സാഹചര്യത്തിൽ ജീവിക്കുന്ന ഒരുപിടി ആളുകളെ ആ പ്രദേശത്തുനിന്ന് തൂത്തെറിയുന്ന വിധത്തിലുള്ള നടപടി സ്വീകരിച്ചാൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. അർജൻസി ഉണ്ടെന്ന് തീരുമാനിക്കുന്നത് കളക്ടറോ കീഴ് ഉദ്യോഗസ്ഥനോ ആയാൽ ആ തീരുമാനമനുസരിച്ച് നോട്ടിഫിക്കേഷൻ വന്നാൽ പരാതി പറയാൻ ഈ വകുപ്പുപ്രകാരം അവകാശം ഉണ്ടാവുകയില്ല. പരാതി പറഞ്ഞാലും ഇല്ലെങ്കിലും അത് കൈവശമെടുക്കും. കേസ്സ് പറയാൻ അവരെക്കൊണ്ട് സാധിക്കുകയില്ല. അത്തരമൊരു നടപടിയുണ്ടാകും. ആ ഭേദഗതി അംഗീകരിക്കരുത്. ഈരാജ്യത്തെ കുടികിടപ്പുകാർക്കുപോലും അപകടകരമായിരിക്കുമെന്നുള്ളതുകൊണ്ട് അത് ഉപേക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്:) സർ, അർജൻസി ക്ലാസിന്റെ വ്യവസ്ഥ മുമ്പുള്ള നിയമത്തിലും ഉണ്ടായിരുന്നു. വളരെയൊന്നും ഭൂമി അങ്ങനെ എടുത്തതായി കാണുന്നില്ല. വളരെ ചുരുക്ക സന്ദർഭങ്ങളിലേ അത് ചെയ്യാറുണ്ടായിരുന്നുള്ളൂ. ഇപ്പോഴും ഒരു വ്യത്യാസം വരുത്തിയിട്ടുണ്ട്. മുമ്പ് 50 ശതമാനം അഡ്വാൻസ് കൊടുക്കണമെന്നായിരുന്നു. അത് ഇപ്പോഴും 80 ശതമാനമാക്കിയിട്ടുണ്ട്. ആ നിലയിൽ അത്യാവശ്യമുള്ള കേസുകളിൽ മാത്രമേ എടുക്കുകയുള്ളൂ. ഇതെല്ലാം ഭേദഗതിപ്രകാരമായ കാര്യങ്ങളിൽപെടുന്നതാണ്. ആരെ ചുമതലപ്പെടുത്തുന്നു എന്നുള്ളതല്ല. ഞാൻ നേരത്തെ പറയുകയുണ്ടായി, എല്ലാം കേന്ദ്രീകരിക്കുന്നതിനു പകരം കുറേക്കൂടി വികേന്ദ്രീകരണമെന്ന തത്വംവച്ചാണ് ഇത് ചെയ്തിട്ടുള്ളത്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

6—ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7–ാം വകുപ്പ്

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ക്ലാസ് 1, പീഠികയും പേരും

ക്ലാസ് ഒന്നും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

വനവ്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

Minister for Education (**Shri T. M. Jacob**): Sir, I second it.

ശ്രീമതി കെ.ആർ. ഗൗരി: സർ, 1984–ൽ കേന്ദ്ര ഗവൺമെന്റിന്റെ 68–ാം നമ്പർ ആക്ട് പ്രകാരം കേരളത്തിൽ നിലവിലിരുന്ന 1961–ലെ ഭൂമി പൊന്നും വിലയ്ക്ക് ഏടുക്കൽ നിയമം ഇല്ലാതായി. കേന്ദ്ര ഗവൺമെന്റിന്റെ നിയമം നടപ്പിൽ വന്നിരിക്കുകയാണ്. 1894–ലെ നിയമമാണ് ആദ്യം ഉണ്ടായിരുന്ന നിയമം. ഈ നിയമങ്ങളും പാസ്സാക്കിയ കാലഘട്ടങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഈ ഭേദഗതി നിയമത്തിലെ ചില നിർദ്ദേശങ്ങളോട് ഞാൻ യോജിക്കുകയാണ്. ഒന്ന്, കോമ്പൻസേഷൻ കൊടുക്കുന്നതിൽ, നോട്ടിഫിക്കേഷൻ ഇഷ്യൂചെയ്യുന്ന ദിവസം മുതൽ അവാർഡ് വരുന്നതിന്റെ 12 ശതമാനം പലിശ. അത് ഞാൻ സ്വാഗതം ചെയ്യുന്നു. അതുപോലെതന്നെ സൊലേഷ്യം 15 ശതമാനം ഉണ്ടായിരുന്നത് 30 ശതമാനമാക്കിയിരിക്കുന്നു. അതിനോടും യോജിക്കുന്നു. പക്ഷേ മാർക്കറ്റ് വില നിശ്ചയിക്കുന്ന സമ്പ്രദായം എന്താണ്? ഇന്ന് നിലവിലിരിക്കുന്ന സമ്പ്രദായം അനുസരിച്ച് മാർക്കറ്റ് വില നിശ്ചയിക്കുന്നതിൽ, ഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിന്റെ അടിസ്ഥാനത്തിൽ, ഗവൺമെന്റിൽനിന്ന് പൊന്നുംവിലക്ക് ഏടുക്കുന്ന ഭൂമിക്ക് മാർക്കറ്റ് വില നിശ്ചയിക്കുന്നത് ആറ് മാസത്തിനു മുമ്പും മൂന്ന് കൊല്ലത്തിനിടയിലും വരുന്നതായിട്ടുള്ള പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ്. ആ സ്ഥലത്ത് നടന്നിരിക്കുന്ന റജിസ്റ്റേർഡ് പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കുന്നത്. മിക്കവാറും നടക്കുന്നത് അതാണ്. പൊന്നു വിലയ്ക്കു ഏടുക്കുന്ന നിയമത്തിന്, പൊന്നും വിലയെന്ന് പേര് വരാൻ ഉണ്ടായ കാരണം ഒരു കാലത്ത് ഭൂമി ആർക്കും വേണ്ടായിരുന്നു. ആ കാലത്ത് ഒരു കാശാണ് പൊന്നും വില. ഒരേക്കർ ഭൂമിക്ക് ഒരു കാശ് പൊന്നുംവില നിശ്ചയിച്ചുകൊണ്ട് ഭൂമിയെടുക്കും. കാലാന്തരത്തിൽ കേരളത്തെപോലുള്ള ഒരു സംസ്ഥാനത്ത് ആളുകൾക്ക് താമസിക്കാൻ ഇടമില്ലാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ ഭൂമിക്ക് ഓരോ കൊല്ലവും വില കൂടിക്കൊണ്ടിരിക്കുന്നു. ഇൻകം ടാക്സ്കാർ ഗിഫ്റ്റ് ടാക്സ് ഈടാക്കുന്നത് വിൽക്കുന്ന ഭൂമിക്ക് കൊടുക്കുന്ന വിലയേക്കാൾ 15 ശതമാനം കൂട്ടിയാണ് ഓരോ വർഷവും വില നിശ്ചയിക്കുന്നത്. അങ്ങനെയാണ് ഗിഫ്റ്റ് ടാക്സ് ഈടാക്കുന്നത്. 1984–നേക്കാൾ 1985–ൽ വിൽക്കുന്നതായിട്ടുള്ള ഭൂമിക്ക് പതിനഞ്ച് ശതമാനം വില കൂടുതൽ കണക്കാക്കി. അതിന് 15 ശതമാനം വിലകൂടുതൽ നിശ്ചയിച്ചുകൊണ്ട് ഗിഫ്റ്റ് ടാക്സ് ഈടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇൻകംടാക്സുകാർ ചെയ്യുന്നത് അതാണ്. കേരളത്തിൽ ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുകയാണ്. ഒരു പ്ലാൻ വരുന്നതായിട്ടുള്ള പീരീഡിൽ പൊന്നും വിലയ്ക്ക് ഭൂമി എടുക്കേണ്ടതു് അത്യാവശ്യമാണ്. അത് അത്യാവശ്യമല്ലെന്ന് ഞാൻ പറയുന്നില്ല. മുമ്പ് പൊന്നും വിലയ്ക്കു എടുത്തിരുന്നത് ഗവൺമെൻറിന്റെ ചെറിയ ചെറിയ പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായിരുന്നു. ഇന്ന് പൊന്നും വിലയ്ക്ക് എടുക്കുന്നത് വിസ്തൃതമായിട്ടുള്ള ആവശ്യങ്ങൾക്കാണ്. ഈ നിയമത്തിൽ എന്തിനെല്ലാം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്; പ്രൈവറ്റ് കമ്പനികൾ അല്ലെങ്കിൽ പ്രോജക്ടുകൾ, ലാൻറ് സൈറിനു്, ഏതെങ്കിലും വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾക്ക്, കോ-ഓപ്പ റേറീവ് സൊസൈറികൾക്ക്, ഹൗസിംഗ് കോർപ്പറേഷൻ. ഈ വിധത്തിൽ ഇന്ന് വളരെ വിപുലമായ തോതിൽ ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ട്. നമുക്കറിയാം, ഒരു പാലത്തിന്റെ അപ്രോച്ച് റോഡു് അതിന് കളക്ടറോ ബാക്കിയുള്ള വരോ വേഗം എടുക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ ഇന്ന് പൊന്നും വിലയ്ക്ക് എടുക്കുന്നത് എങ്ങനെയാണ്? ഇന്ന് പൊന്നും വിലയ്ക്ക് എടുക്കുന്ന നടപടികളിൽ ജനങ്ങളുടെ എതിർപ്പ് കൂടിക്കൂടി വരുന്നതായിട്ടാണ് കാണുന്നത്. സാധാരണജനങ്ങൾ കൂടുതൽ കൂടുതൽ എതിർക്കുന്നു. ഇപ്പോൾ തിരുവനന്തപുരത്ത് ഭൂമി പൊന്നും വിലയ്ക്ക് എടുത്ത് വീട് വച്ചുകൊടുക്കുന്ന നടപടി, ഹൗസിംഗ് ബോർഡോ ഡവലപ്പ്മെൻറ് അതോറിറ്റിയോ ഭൂമി പൊന്നുംവിലയ്ക്കു എടുക്കുന്നത് കുറച്ച് ഭേദപ്പെട്ട ആളുകൾക്കും ഇടത്തരക്കാർക്കും വേണ്ടി വീട് വച്ചുകൊടുക്കാനാണ്. അതിനിടയിൽ ഈ അതോറിറ്റി അവിടെനിന്ന് മാറി താമസിപ്പിക്കുന്ന ആളുകൾക്ക് ചെറിയ തോതിൽ വീട്വച്ച് കൊടുക്കുന്നുമുണ്ട്. ഉദാഹരണത്തിന് എനിക്ക് ഒരേക്കർ ഭൂമിയുണ്ട്, അവിടെ തെങ്ങിൻകൃഷിയാണ്. ഞാൻ കഴിയുന്നത് ആ ഒരേക്കർ ഭൂമികൊണ്ടാണ്. ആ ഭൂമി പൊന്നും വിലയ്ക്ക് എടുത്ത്, പഴയകാലത്ത് നടന്ന ഒരു പ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള വിലയും തന്ന്, ഞാൻ അതു കൊണ്ട് ബാങ്കിലിട്ട്, എനിക്ക് കിട്ടുന്ന അഞ്ച് സെൻറ് സ്ഥലത്ത്, അതിലൊരു വീടുമായി പോയി താമസിക്കുകയെന്നു പറഞ്ഞാൽ, സ്ഥിരമായി കിട്ടിക്കൊണ്ടിരുന്ന വരുമാനംകൊണ്ട് ജീവിച്ചുകൊണ്ടിരുന്ന എന്റെ ജീവിതം മുടക്കുന്ന ഒരു നടപടിയാണ്. അത്തരമൊരു സ്ഥിതിയിലേക്ക് ഇന്നത്തെ നിലയ്ക്കു ഈ പൊന്നും വിലയ്ക്കു എടുക്കുന്ന നടപടി നീങ്ങിവരുകയാണ്. അതുകൊണ്ടാണ് ആളുകളുടെ ഇടയിലും ഇതിനെതിരായിട്ടുള്ള നീക്കങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, വളരെ അവധാനതയോടുകൂടി പൊന്നും വിലയ്ക്കു എടുക്കേണ്ടതാണോ എന്ന് തീരുമാനിക്കാനുള്ള അവകാശം നിശ്ചയിക്കണമെന്ന്. സെൻട്രൽ ആക്ടിൽ ഗവൺമെൻറിനാണ്, ആ അവകാശം കൊടുത്തിരിക്കുന്നത്. പക്ഷേ നിങ്ങൾ ഈ ഭേദഗതി നിയമ പ്രകാരം അത് കളക്ടർക്കോ മറ്റുള്ളവർക്കോ വിട്ടുകൊടുക്കത്തക്കവിധത്തിലുള്ള ഒരു നടപടിയിലേക്ക് നീങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ വിവേചനപരമായോ മറ്റ് വിധത്തിലോ ഉള്ള നടപടികളിലേക്ക് നീങ്ങരുതെന്നുള്ള വിധത്തിൽ പറയുന്നത്.

അതുപോലെതന്നെ ഇതിൽ കുറച്ചുകൂടിവേഗം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് പറയുന്നുണ്ട്. നോട്ടിഫിക്കേഷൻ ഉണ്ടായി, ഇത്ര കാലത്തിനകം ഡിക്ലറേഷൻ വേണം. ഡിക്ല

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കഴിഞ്ഞാൽ രണ്ട് കൊല്ലത്തിനകം അവാർഡ് പാസ്സാക്കണം. അവാർഡ് പാസ്സാക്കി കഴിഞ്ഞാൽ ആറ് മാസത്തിനകം കോടതിയിലേക്ക് റഫർ ചെയ്യേണ്ട കേസാണെങ്കിൽ റഫർ ചെയ്യണം. പക്ഷേ എത്ര കേസുകളാണ് ഇന്ന് റഫർ ചെയ്യുക. ഞാൻ എത്രയോ കേസുകളും വേണമെങ്കിലും നിങ്ങളുടെ മുമ്പിൽ പറയാം. പാവപ്പെട്ടവനായിപ്പോയി എന്നുള്ള ഒരൊറ്റ കാരണത്താൽ ഉദ്യോഗസ്ഥൻമാരെ സ്വാധീനിക്കാൻ കഴിയാത്തതിന്റെ പേരിൽ അപേക്ഷ കൊടുത്ത്, ഒബ്ജക്ഷൻ കൊടുത്ത് സബ് കോടതിയിൽ അപ്പീൽ കൊടുത്ത്, കൊല്ലങ്ങളായിട്ടും കേസ് റഫർ ചെയ്യാത്ത അനേകം കേസുകളുണ്ട്. എത്ര കേന്ദ്രകളും വേണമെങ്കിലും ഞാൻ കാണിച്ചുതരാം. ഇന്ന് നടക്കുന്ന നടപടി അതാണ്. ഇത് കേന്ദ്രഗവൺമെൻറ് നിയമമാണ്. കേന്ദ്രഗവൺമെൻറിന്റെ നിയമം നടപ്പിൽ വന്നു കഴിഞ്ഞാൽ ഈ നിയമത്തിൽ, അല്ലെങ്കിൽ കഴിഞ്ഞകാലത്തിരുന്നതായിട്ടുള്ള നിയമത്തിൽ വരുത്തേണ്ട ഭേദഗതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾ ഇന്ന് വരുന്ന അപാകത, ഇല്ലാതാക്കണം. പഴയ നിയമം നിലനിന്ന കാലത്ത് ഉണ്ടായിരുന്ന സ്ഥിതിയല്ല ഇന്നുള്ളത്. കെട്ടിടത്തിന്റെ വിലയും, ഭൂമിയുടെ വിലയും വർദ്ധിപ്പിച്ചിട്ടുണ്ട്. ആ നിലയിൽ മാറ്റം വരേണ്ടതാണ്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്ന നടപടി എങ്ങനെ നടത്തണം, മാർക്കറ്റ് വില എങ്ങനെ നിശ്ചയിക്കണം, റൂളിൽ ഭേദഗതി വേണമോ, ഇൻസ്ട്രക്ഷനിൽ ഭേദഗതി വേണമോ എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യാൻ അനുവാദമില്ലാത്ത വിധത്തിൽ ചെറിയൊരു ഭേദഗതി മാത്രമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടാണ്, ഈ നിയമം സംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവാദം വേണമെന്ന് ഞങ്ങളും ആവശ്യപ്പെട്ടത്. ഈ നിയമം ഇന്ന് നടപ്പിലാക്കുന്നതിൽ വന്നിരിക്കുന്ന അപാകതകളും, ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകളും, അതുപോലെ തന്നെ കോമ്പൻസേഷൻ കിട്ടാനുള്ള ബുദ്ധിമുട്ട് ഇതെല്ലാം ചർച്ചയ്ക്കു വിധേയമാക്കണം.

അതുപോലെതന്നെ കോമ്പൻസേഷൻ കിട്ടാനുള്ള ബുദ്ധിമുട്ട് ഇതിനകത്ത് എഴുതിവച്ചാൽ പോര. ഗവൺമെൻറിന് അതിൻറെതായിട്ടുള്ള ചുമതലയുണ്ട്. ഇന്ന് ഇഷ്യൂ ചെയ്തിരിക്കുന്ന ഇൻസ്ട്രക്ഷൻസും ഇന്ന് ഇഷ്യൂ ചെയ്തിരിക്കുന്ന റൂംസും ഒന്നും മാറിയിട്ടില്ല. വെറും കളക്ടർ എന്നാണ് എഴുതിയിരിക്കുന്നത്. നമ്മുടെ പഴയ നിയമത്തിൽ ഉണ്ടായിരുന്നതാണിത്. കളക്ടർ എന്നു പറഞ്ഞാൽ താഴേക്ക് വരുന്ന കാര്യങ്ങളും നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനാണെന്ന് നമ്മുടെ നിയമത്തിൽ ഉണ്ടായിരുന്നു. ആ നിയമത്തിലുള്ളത് മാറിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ആ നിയമം നടപ്പിലാക്കുമ്പോൾ വന്നിരുന്ന മുഴുവൻ അപാകതകളും ഒഴിവാക്കിയിട്ടില്ല. ആ അപാകതകളും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഇല്ല. കോമ്പൻസേഷൻ അല്പം കൂട്ടി എന്നാണ് പറയുന്നത്. പക്ഷെ ഭൂമിയുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അതിൻറെ അടുത്ത് ചെന്നെത്തി നോക്കത്തക്കവിധത്തിലുള്ള നടപടികളല്ല ഉള്ളത്.

പൊന്നും വിലയ്ക്ക് ഭൂമി എടുക്കുന്ന നിയമം വിപുലമാക്കി. പക്ഷെ ഇത് ഗവൺമെൻറിന് വിട്ടുകൊടുക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. കഴിയുന്നതും വളരെ അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾക്കുമാത്രമേ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കാവൂ. കേരളത്തെപോലുള്ള ഒരു സംസ്ഥാനത്ത് കാർഷിക പരിഷ്ക്കരണം വന്ന് ഭൂമിയുടെ പരിധിയൊക്കെ നിശ്ചയിച്ച സംസ്ഥാനത്ത് ഇത് ജനങ്ങൾക്ക് ദ്രോഹം വരുത്തുന്ന വിധത്തിലുള്ള നടപടിയാണ്. കാർഷിക പരിഷ്ക്കരണം വന്ന് ഭൂമിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പരിധി നിശ്ചയിച്ചു കഴിഞ്ഞപ്പോഴും കുടുംബങ്ങൾ ഭാഗിച്ചു. അപ്പോഴും അവരുടെ കൈകളിൽ ഭൂമി തുണ്ടുതുണ്ടായി മാറി. വടക്കേ ഇന്ത്യയിലെ വില്ലേജുകൾപോലെയുള്ള വില്ലേജുകളല്ല കേരളത്തിലുള്ളത്. ഒരു ചെറിയ കാര്യത്തിനുവേണ്ടി പലപ്പോഴും പൊന്നുംവിലക്ക് ഭൂമി എടുക്കുന്നുണ്ട്. ഉദാഹരണത്തിന് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി പറഞ്ഞു അല്ലെങ്കിൽ ഒരു ട്രസ്റ്റ് പറഞ്ഞു, അല്ലെങ്കിൽ ഒരു കമ്പനി പറഞ്ഞു എന്നു പറഞ്ഞൊക്കെ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നത് ജനങ്ങൾക്ക് ദ്രോഹം വരുത്തുന്നരീതിയിലുള്ള നടപടിയാണ്. അതുകൊണ്ടാണ് ഞങ്ങളെല്ലാം പറഞ്ഞത് ഇത് അവധാനതയോടുകൂടി ഡിക്ലറേഷനും നോട്ടിഫിക്കേഷനും ഇഷ്യൂ ചെയ്തിട്ട് വേണ്ടയോ വേണ്ടോ എന്ന് തീരുമാനിക്കാനുള്ള അവകാശം എങ്കിലും ഗവൺമെന്റിൽ നിക്ഷിപ്തമാക്കണമെന്നാണ്. അല്ലെങ്കിൽ ഗവൺമെന്റ് ഇഷ്യൂ ചെയ്തിരിക്കുന്ന റൂൾസ് മാറണം. ഇൻസ്ട്രക്ഷൻസ് മാറണം. ജനങ്ങൾക്ക് ദ്രോഹകരമല്ലാത്ത വിധത്തിൽ, ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, അക്വിസിഷനിൽ എല്ലാം ഒരുപിടി റെസ്ട്രിക്ഷൻസ് ഉണ്ട്. പ്രധാനമായും താമസിക്കുന്ന സ്ഥലം മുഴുവൻ അക്വയർ ചെയ്തു പോവുകയും അവർക്ക് അതുകൊണ്ട് വേറെ സ്ഥലം വാങ്ങിക്കാൻ കഴിയാതെവരുകയും ചെയ്യുന്നു. ഉദാഹരണത്തിന് ഫിഷറീസ് കോളേജിന്റെ കാര്യം പറഞ്ഞതാണ്. എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം ഇത്തരം മേഖലകളിൽ അക്വിസിഷൻ നടക്കുമ്പോൾ അവിടെ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലംകൂടി അക്വയർ ചെയ്യാനുള്ള അമെൻറുമെൻറുകൂടി ഇതിൽ ചേർക്കണം. അല്ലാതെ ഭൂമി അക്വയർ ചെയ്താൽ അവിടെ താമസിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകും. അതുകൊണ്ട് ഈ നിയമം ഇംപ്ലിമെൻറ് ചെയ്യുമ്പോൾ ഇത്തരമൊരു നിർദ്ദേശം ഗവൺമെൻറ് ബന്ധപ്പെട്ടവർക്ക് നൽകണമെന്നാണ് എനിക്കു പറയാനുള്ളത്.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഭൂമിക്കുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറയുകയുണ്ടായി. ഇന്നുള്ളത് ഒരു മാനദണ്ഡം മാത്രമാണ്. അതായത് ആധാരത്തിൽ കാണുന്ന വില. എന്നാൽ, ബഹുഭൂരിപക്ഷം കേസിലും ഇന്ന് സ്ഥിതി അതല്ല. വാർഷികാദായത്തിന്റെ 20 ഇരട്ടി കണക്കാക്കിയിട്ടാണ് 95 ശതമാനം കേസുകളിലും നഷ്ടപരിഹാരം ഇന്ന് കൊടുക്കുന്നത്.

ശ്രീമതി കെ.ആർ. ഗൗരി: സാധാരണ ഭൂമിക്ക് ഒരു വില നിശ്ചയിക്കുകയും ഇംപ്രൂവ്മെൻറിന് ഒരു വില നിശ്ചയിക്കുകയും വീടിന് വേറൊരു വില നിശ്ചയിക്കുകയുമാണ് ചെയ്യുന്നത്. വീടിന് വില നിശ്ചയിക്കുമ്പോൾ അതിന്റെ പഴക്കം കളഞ്ഞ് ഇത്രയാണെന്ന് വച്ചിട്ടില്ല. അങ്ങനെ ഏതെങ്കിലും വിധത്തിലുള്ള ഒരു ഷെഡ്യൂൾ വച്ചിട്ടില്ല. തെറ്റിദ്ധരിപ്പിച്ചു പറഞ്ഞിരിക്കുകയാണ്.

ശ്രീ. പി.ജെ. ജോസഫ്: ദേഹണ്ഡങ്ങളുള്ള ഭൂമിയാണെങ്കിൽ ഈ പറയുന്ന ആധാരത്തിന്റെ അടിസ്ഥാനത്തിൽ എന്നുള്ളതിന് യാതൊരു പ്രസക്തിയുമില്ല. ഗൗരിയമ്മ രണ്ടാമത് ഇത് സൂചി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുകയുണ്ടായി. വാർഷിക വരുമാനത്തിന്റെ 16 ഇരട്ടി എന്നുള്ളതായിരുന്നു കേരളത്തിന്റെ പകുതി ഭാഗങ്ങളിൽ കഴിഞ്ഞവർഷംവരെ ഉണ്ടായിരുന്ന വ്യവസ്ഥ. 16 ഇരട്ടി എന്നുള്ളത് വർദ്ധിപ്പിച്ച് യൂണിഫോമായി 20 ഇരട്ടിയാക്കിയിരിക്കുന്നു. ആ നിലയിൽ ആധാരങ്ങളെ മാത്രം ആശ്രയിക്കുന്നത് ശരിയല്ല. ഇന്ന് ഉല്പന്നങ്ങളുടെ വിലയിലൊക്കെ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നത് ശരിയാണ്. എങ്കിലും വാർഷികാദായത്തിന്റെ 20 ഇരട്ടി നഷ്ടപരിഹാരം കൊടുക്കും. മറ്റൊരു ഉദ്ദേശംകൂടി ഉണ്ട്. ഒരു കാര്യം നമ്മൾ വിസ്മരിക്കാൻ പാടില്ല. പൊതു ആവശ്യത്തിനുവേണ്ടി ഭൂമി എടുക്കുമ്പോൾ പരമാവധി നഷ്ടപരിഹാരം വസ്തുഉടമകൾക്ക് കിട്ടണമെന്നുള്ളതോടുകൂടിതന്നെ ഒരു റീസ്ണബിളായിട്ടുള്ള, ഏതാണ്ട് ന്യായമായിട്ടുള്ളവിലക്ക് ഭൂമി കിട്ടേണ്ടതും നമ്മുടെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ ആവശ്യമാണ്.

ശ്രീമതി കെ.ആർ. ഗൗരി: കാശ് ഉള്ളവന്റെ ഭൂമി എടുക്കണം..

ശ്രീ. പി.ജെ. ജോസഫ്: ഇപ്പോൾ ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി ഭൂമി എടുത്താൽ കനാൽ ഏതിലേ പോകണമെന്ന് നിശ്ചയിക്കാൻ പറ്റുമോ? കാശ് ഉള്ളവന്റെത് മാത്രം എടുക്കണമെന്നു പറഞ്ഞാൽ പറ്റുമോ? റോഡ് ഏതിലേ പോകാമെന്ന് നിശ്ചയിച്ചാൽ, ആലപ്പുഴവരെയുള്ള റെയിൽവേ ലൈൻ ഏതുവഴി പോകണമെന്ന് തീരുമാനിച്ചാൽ കാശ് ഉള്ളവന്റെ ഭൂമി മാത്രമേ എടുക്കാൻ പാടുള്ളൂ എന്ന് ഗവൺമെന്റിന് തീരുമാനിക്കാൻ പറ്റുമോ? എങ്ങനെ പോകണമെന്ന് അതിന്റെ അലൈൻമെന്റ് നിശ്ചയിക്കേണ്ടിവരും. രണ്ടു ഭാഗവും നോക്കേണ്ടി വരും. ഏതായാലും ഇപ്പോൾ സെൻട്രൽ ആക്ടിൽ വരുത്തിയിരിക്കുന്ന ഭേദഗതി വഴി അത് സംസ്ഥാനം അഡോപ്റ്റ് ചെയ്തതുവഴി ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തിനേക്കാൾ അവാർഡ് നിശ്ചയിച്ചുവച്ചിരിക്കുന്ന കേസിൽപോലും കൂടുതൽ കൊടുക്കേണ്ടി വരും. ഞാൻ പറഞ്ഞു ഇന്ന് വന്നിരിക്കുന്ന ഭേദഗതികൊണ്ട് ഏഴിമലയിൽ മാത്രം ഏതാണ്ട് 5 കോടി രൂപ അധികം കൊടുക്കേണ്ടി വരുന്നു. ശരാശരി നാല്പത് ശതമാനംവരെ കൂടുതൽ നഷ്ടപരിഹാരം കിട്ടിക്കൊണ്ടിരിക്കുന്നു. 12 ശതമാനം പലിശ എന്നും സൊലേഷ്യം 15 ശതമാനത്തിൽനിന്ന് 30 ശതമാനം എന്നും ആക്കിയതു വഴി കുറെയെല്ലാം ബുദ്ധിമുട്ടുകൾ ഒഴിവാക്കാം. എല്ലാം ഒഴിവാക്കാം എന്നു ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരി: ഏഴിമലയിൽ എത്ര ഏക്കറാണ് ഭൂമി?

ശ്രീ. പി.ജെ. ജോസഫ്: ഏതാണ്ട് 20–25 ശതമാനം വർദ്ധിച്ചിരിക്കുന്നു. നഷ്ടപരിഹാരം കുറെക്കൂടി വർദ്ധിപ്പിച്ചുകിട്ടുന്നതിനുള്ള വ്യവസ്ഥകളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. ഇത് പ്രായോഗികമാക്കാനും, ഭൂമി ഏറെടുക്കൽ ത്വരിതപ്പെടുത്താനുമുള്ള ഒന്നുരണ്ട് ഭേദഗതികളും മാത്രമേ ഇതിൽ കൊണ്ടുവന്നിട്ടുള്ളൂ. അതുപോലെതന്നെ ഭൂമി ഫ്രീസ് ചെയ്ത് വർഷങ്ങളായി കിടക്കുന്നത് ഇനി ഉണ്ടാകുകയില്ല. പ്രിലിമിനറി നോട്ടിഫിക്കേഷൻ കഴിഞ്ഞ് ഒരു കൊല്ലത്തിനുള്ളിൽ ഡി.ഡി. പബ്ലിഷ് ചെയ്യാത്ത മുഴുവൻ കേസുകളും ക്യാൻസലാവുകയാണ്. അതായത് 1984 സെപ്റ്റംബർ 24–ാം തീയതിയുള്ളത് 1985 സെപ്റ്റംബർ 24–ാം തീയതി ആകുമ്പോൾ ഒരു കൊല്ലമാകും. അതിനുള്ളിൽ ഡി.ഡി. പബ്ലിഷ് ചെയ്യാത്ത മുഴുവൻ കേസുകളും ക്യാൻസലാവുകയാണ്. ഇവിടെ അനന്തമായി ഒരു കേസും ബാക്കി ഉണ്ടാകില്ല. സ്ഥിരമായി ഫ്രീസ് ചെയ്ത് കിടന്നതെല്ലാം ഇതോടുകൂടി ക്യാൻസലാവുകയാണ്. ആ നിലയിലുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സെൻട്രൽ ആക്ടിലെ ഈ ലെജിസ്ലേഷൻ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം ഇവിടെ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ? അതായത് Kerala Land Acquisition Rules, 1953. അതിനുശേഷം വേറെ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ്: അതുകൂടി ചേർത്തുകൊണ്ടാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്.

1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985–ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly